بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11 ലക്കം 39

# ബദർ

വാരിക ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ : എച്ച്.ശംസുദ്ദീൻ

2026 സെപ്റ്റംബർ 17 • ഹി.ശം 1405 തബൂക്ക് 17 • ഹി.ഖ. 1448 റബീഉസാനി 5

**വിശുദ്ധ ഖുർആനിൽ നിന്ന്:**



## നിങ്ങളിൽ നന്മയിലേക്ക് ക്ഷണിക്കുന്ന ഒരു സംഘം ഉണ്ടായിരിക്കണം

وَلۡتَکُنۡ مِّنۡکُمۡ اُمَّۃٌ یَّدۡعُوۡنَ اِلَی الۡخَیۡرِ وَیَاۡمُرُوۡنَ بِالۡمَعۡرُوۡفِ وَیَنۡہَوۡنَ عَنِ الۡمُنۡکَرِ ؕ وَاُولٰٓئِکَ ہُمُ الۡمُفۡلِحُوۡنَ

അർത്ഥം: നന്മയിലേക്ക് ക്ഷണിക്കുകയും നല്ല കാര്യങ്ങൾ ഉപദേശിക്കുകയും നിഷിദ്ധ കാര്യങ്ങളെ വിലക്കുകയും ചെയ്യുന്ന ഒരു സംഘം നിങ്ങളിലുണ്ടാവേണ്ടതാണ്. അവർ തന്നെയാണ് വിജയം പ്രാപിക്കുന്നവർ. (വി.ഖു. 3:105)



**ഹദീസ്:**

## നന്മയിലേക്ക് ക്ഷണിക്കുന്നവനുള്ള പ്രതിഫലം

عَنۡ حُذَیۡفَۃَ بۡنِ الۡیَمَانِ، عَنِ النَّبِیِّ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ قَالَ: وَالَّذِیۡ نَفۡسِیۡ بِیَدِہٖ لَتَاۡمُرُنَّ بِالۡمَعۡرُوۡفِ، وَلَتَنۡہَوُنَّ عَنِ الۡمُنۡکَرِ، اَوۡ لَیُوۡشِکَنَّ اللّٰہُ اَنۡ یَّبۡعَثَ عَلَیۡکُمۡ عِقَابًا مِّنۡہُ، ثُمَّ تَدۡعُوۡنَہٗ فَلَا یُسۡتَجَابُ لَکُمۡ

(ترمذی کتاب الفتن باب الامر بالمعروف والنهی عن المنکر 2169)

ഹദ്റത്ത് ഹുദൈഫ (റ) നിവേദനം ചെയ്യുന്നു: തിരുനബി (സ) അരുളി ചെയ്തു: എന്റെ ജീവൻ ആരുടെ കൈയിലാണോ അവൻ തന്നെയാണ് സത്യം, ഒന്നുകിൽ നിങ്ങൾ നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക, അല്ലെങ്കിൽ

عَنۡ أَبِیۡ هُرَیۡرَةَ، أَنَّ رَسُوۡلَ اللّٰهِ صَلَّی اللّٰهُ عَلَیۡهِ وَسَلَّمَ، قَالَ: مَنۡ دَعَا إِلَی هُدًی کَانَ لَهٗ مِنَ الۡأَجۡرِ مِثۡلُ أُجُوۡرِ مَنۡ تَبِعَهٗ، لَا یَنۡقُصُ ذٰلِكَ مِنۡ أُجُوۡرِهِمۡ شَیۡئًا، وَمَنۡ دَعَا إِلَی ضَلَالَةٍ کَانَ عَلَیۡهِ مِنَ الۡإِثۡمِ مِثۡلُ آثَامِ مَنۡ تَبِعَهٗ، لَا یَنۡقُصُ ذٰلِكَ مِنۡ آثَامِهِمۡ شَیۡئًا. (صحیح مسلم کتاب العلم/حدیث: 6804

ഹദ്റത്ത് അബു ഹുറയ്റ (റ) നിവേദനം ചെയ്യുന്നു: റസൂലുല്ലാഹ് (സ) അരുളി ചെയ്തു: ആരെങ്കിലും സന്മാർഗത്തിലേക്ക് ക്ഷണിച്ചാൽ, അത് പിന്തുടരുന്നവരുടെ പ്രതിഫലത്തിന് തുല്യമായ പ്രതിഫലം അവനും ലഭിക്കുന്നതാണ്; അത് അവരുടെ പ്രതിഫലത്തിൽ യാതൊന്നും കുറയ്ക്കുകയില്ല. ആരെങ്കിലും വഴികേടിലേക്ക് ക്ഷണിച്ചാൽ, അത് പിന്തുടരുന്നവരുടെ പാപത്തിന് തുല്യമായ പാപം അവനും ചുമത്തപ്പെടുന്നതാണ്; അത് അവരുടെ പാപങ്ങളിൽ നിന്നും യാതൊന്നും കുറയ്ക്കുകയില്ല.



**ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പാഠങ്ങൾ:**

## ജൽസ സലാനയിൽ ദൈവ പ്രീതി ലാക്കാക്കി പങ്കെടുക്കുക

ഈ ജൽസ, ലോകത്തിലെ മേളകളെപ്പോലെ യാതൊരുവിധ അനിവാര്യമായ ബാധ്യതയുമല്ല; മറിച്ച് ഇതിന്റെ സംഘാടനം ശരിയായ നിയ്യത്തിനെയും (ഉദ്ദേശ്യത്തെയും) ഉത്തമമായ ഫലങ്ങളെയും ആശ്രയിച്ചാണിരിക്കുന്നത്.

*(മജ്മൂഅ് ഇശ്തിഹാറാത്ത്, വാല്യം 1, പേജ് 440)*

'സാധിക്കുന്നത്രയും എല്ലാ സുഹൃത്തുക്കളും ദൈവപ്രീതിക്കുവേണ്ടി മാത്രം ദൈവിക കാര്യങ്ങൾ കേൾക്കാനും പ്രാർത്ഥനകളിൽ പങ്കുചേരാനുമായി ഈ (നിശ്ചിത) തീയതിയിൽ എത്തിച്ചേരേണ്ടതാണ്. വിശ്വാസവും ദൃഢജ്ഞാനവും വളർത്താൻ അത്യാവശ്യമായ യാഥാർത്ഥ്യങ്ങളും അറിവുകളും ഈ ജൽസയിൽ വിവരിച്ചുകൊണ്ടിരിക്കും. കൂടാതെ, സുഹൃത്തുക്കൾക്കായി പ്രത്യേക പ്രാർത്ഥനകളും പ്രത്യേക ശ്രദ്ധയും ഉണ്ടായിരിക്കുന്നതാണ്. കരുണാനിധിയായ അല്ലാഹുവിന്റെ സവിധത്തിലേക്ക് അവർ സ്വയം ആകർഷിക്കപ്പെടാനും അവൻ അവരെ അവനുവേണ്ടി സ്വീകരിക്കാനും അവരിൽ പവിത്രമായ മാറ്റങ്ങൾ ഉണ്ടാകാനും സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്.

ഈ ജൽസ കൊണ്ടുള്ള ഒരു താൽക്കാലിക നേട്ടം എന്തെന്നാൽ, എല്ലാ പുതിയ വർഷവും ഈ ജമാഅത്തിൽ പ്രവേശിക്കുന്ന പുതിയ സഹോദരന്മാർ നിശ്ചിത തീയതിയിൽ ഹാജരായി തങ്ങളുടെ മുൻകാല സഹോദരന്മാരെ നേരിൽ കാണുകയും പരസ്പരം പരിചയപ്പെടുകയും ചെയ്യും; അതുവഴി പരസ്പരമുള്ള സ്നേഹബന്ധവും പരിചയവും വർദ്ധിച്ചുകൊണ്ടിരിക്കും... കൂടാതെ, സർവ്വശക്തനായ അല്ലാഹുവിന്റെ അനുഗ്രഹത്താൽ കാലാകാലങ്ങളിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന മറ്റു പല ആത്മീയ നേട്ടങ്ങളും ഗുണങ്ങളും ഈ ആത്മീയ ജൽസയിൽ ഉണ്ടായിരിക്കുന്നതാണ്.

*(ആസ്മാനി ഫൈസല ഇശ്തിഹാർ, 30 ഡിസംബർ 1891, റൂഹാനി ഖസാഇൻ, വാല്യം 4, പേജ് 351, 352)*

'ഇത് ലോകത്തിലെ വിനോദങ്ങളിൽപ്പെട്ട ഒന്നല്ല.'

*(മജ്മൂഅ് ഇശ്തിഹാറാത്ത്, വാല്യം 1, പേജ് 443)*



**തഫ്സീർ:** ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)

## ജൽസാ സാലാനാ : ഒരു ദൈവിക ദൃഷ്ടാന്തം

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു:

'ഈ ജൽസ, മുമ്പും ഞാൻ പലതവണ വ്യക്തമാക്കിയിട്ടുള്ളതുപോലെ, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ട ഒരു വലിയ ദൃഷ്ടാന്തമാണ്. ഖാദിയാൻ എന്നത് പണ്ട് ആരും തിരിഞ്ഞുനോക്കാത്ത ഒരു പ്രദേശമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പേര് കേട്ട് ദൂരദേശങ്ങളിൽ നിന്ന് ഖാദിയാനിലേക്ക് വരാൻ ആഗ്രഹിച്ചുകൊണ്ട് പുറപ്പെട്ട പലരും ഉണ്ടായിരുന്നുവെങ്കിലും, ബട്ടാലയോ അമൃതസറോ എത്തുമ്പോൾ അവർ തിരിച്ചുപോകുമായിരുന്നു; കാരണം ഖാദിയാനിൽ വലിയൊരു ദജ്ജാലി ഫിത്ന ഉണ്ടെന്നാണ് അവരോട് പറയപ്പെട്ടിരുന്നത്. ശത്രുക്കൾ പറഞ്ഞ ചില കാര്യങ്ങൾ കേട്ട് ഖാദിയാനിലേക്ക് വരുന്നത് ഇഷ്ടപ്പെടാതെ ബട്ടാലയിൽ നിന്നോ അമൃതസറിൽ നിന്നോ മടങ്ങിപ്പോയതുകൊണ്ട് ഇന്നും ഖേദം പ്രകടിപ്പിക്കുന്ന പല ആളുകളും നമ്മുടെ ജമാഅത്തിലുണ്ട്. അന്ന് അവർ അവിടെ എത്തിയിരുന്നെങ്കിൽ സ്വഹാബികളിൽ ഉൾപ്പെടുമായിരുന്നു. പിൽക്കാലത്ത് അല്ലാഹു അവരുടെ ആത്മാർത്ഥത കണ്ട് അഹ്മദിയ്യത്തിൽ പ്രവേശിപ്പിച്ചുവെങ്കിലും സ്വഹാബത്ത് പദവിയിൽ നിന്ന് അവർ ഒഴിവായിപ്പോയി...

അതിനാൽ, ജൽസയുടെ ദിവസങ്ങളിൽ ഒരുകാലത്തും ഊഹിക്കാൻ പോലും കഴിയാത്തത്ര വലിയൊരു ജനക്കൂട്ടം ഇവിടെ വന്നുചേരുന്നു എന്നത് അല്ലാഹുവിന്റെ

ശേഷം പേജ് 11 ൽ

**അഹ്മദിയ്യാ വാർത്ത**

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

**എഡിറ്റോറിയൽ**

# ജൽസാ സാലാനാ ഖാദിയാൻ സമാഗതമാകുന്നു!

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ്) ന്റെ അനുമതിപ്രകാരം 2026 ഡിസംബർ 25, 26, 27 തീയതികളിൽ ഖാദിയാൻ ദാറുൽ അമാനിൽ 131ാമത് ജൽസ സലാന സംഘടിപ്പിക്കുകയാണ്. ഈ ജൽസ ആരംഭിക്കാൻ ഇനി അഞ്ച് മാസം മാത്രമാണ് ബാക്കിയുള്ളത്. അതുകൊണ്ടുതന്നെ ജൽസയിൽ പങ്കെടുക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ ഇപ്പോൾ തന്നെ ആരംഭിക്കേണ്ട സമയമായിരിക്കുന്നു.

1891ൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ ജൽസയ്ക്ക് തുടക്കം കുറിച്ചപ്പോൾ, ബൈഅത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള ഒരു മാർഗ്ഗമായാണ് ഇതിനെ നിശ്ചയിച്ചത്. ആ മഹാത്മാവ് പറയുന്നു:

**1. ബൈഅത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ ജൽസയുടെ സ്ഥാപനം**

ബൈഅത്ത് ചെയ്ത എല്ലാ ആത്മാർത്ഥമായ എല്ലാ അംഗങ്ങളും അറിയേണ്ടത്, ബൈഅത്ത് ചെയ്യുന്നതിന്റെ ഉദ്ദേശ്യം ലൗകിക സ്നേഹം ഹൃദയത്തിൽ നിന്ന് തണുത്തുപോവുകയും അല്ലാഹുവിന്റെയും റസൂൽ കരീം(സ)ന്റെയും സ്നേഹം ഹൃദയത്തിൽ പ്രബലമായിത്തീരുകയും ചെയ്യുക എന്നതാണ്. മരണാനന്തര യാത്ര വെറുപ്പായി തോന്നാത്തവിധമുള്ള വിച്ഛേദനത്തിന്റെ അവസ്ഥ ഉണ്ടാകേണ്ടതുണ്ട്.

എന്നാൽ ഈ ലക്ഷ്യം കൈവരിക്കാൻ സത്സംഗത്തിൽ ജീവിക്കുകയും തന്റെ ആയുസ്സിന്റെ ഒരു ഭാഗം ഈ മാർഗ്ഗത്തിൽ ചെലവഴിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. അതുവഴി, അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ, ഏതെങ്കിലും ഉറപ്പായ ദൃഷ്ടാന്തം കണ്ട് ദൗർബല്യവും മടിയും ഇല്ലാതാകുകയും, പൂർണ്ണമായ വിശ്വാസവും സ്നേഹത്തിന്റെ ആവേശവും വികാരവും ഉണ്ടാകുകയും ചെയ്യും. അതിനാൽ എപ്പോഴും ഇതിനായി ചിന്തിക്കുകയും അല്ലാഹു ഈ തൗഫീഖ് നൽകാനായി പ്രാർത്ഥിക്കുകയും വേണം. ഈ തൗഫീഖ് ലഭിക്കുന്നതുവരെ ഇടയ്ക്കിടെ പരസ്പരം കാണേണ്ടതാണ്. കാരണം, ബൈഅത്ത് സ്വീകരിച്ചതിനുശേഷം പിന്നീട് കണ്ടുമുട്ടുന്നതിനെക്കുറിച്ച് ആലോചിക്കാതിരിക്കുന്നത് അത്തരം ബൈഅത്തിനെ തീർച്ചയായും ബറകത്തില്ലാത്തതും ഒരു ആചാരം മാത്രം എന്ന നിലയിലാക്കി മാറ്റുകയും ചെയ്യും.

മനുഷ്യന്റെ ദൗർബല്യമോ, സാമ്പത്തിക ബുദ്ധിമുട്ടോ, ദൂരക്കൂടുതലോ കാരണം എല്ലാവർക്കും സത്സംഗത്തിൽ വന്ന് ജീവിക്കാനോ വർഷത്തിൽ പലതവണ ബുദ്ധിമുട്ടുകൾ സഹിച്ച് കൂടിക്കാഴ്ചയ്ക്കായി വരാനോ സാധിച്ചെന്നു വരില്ല. കാരണം ഭൂരിഭാഗം ആളുകളുടെയും ഹൃദയങ്ങളിൽ കൂടിക്കാഴ്ചയ്ക്കായുള്ള ആ തീവ്രമായ ആഗ്രഹം ഇപ്പോഴും ഉടലെടുത്തിട്ടില്ല. അതിനാൽ, സാധിക്കുന്ന എല്ലാ ആത്മാർത്ഥരായ അംഗങ്ങളും അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ, ആരോഗ്യവും ഒഴിവുസമയവും വലിയ തടസ്സങ്ങളില്ലാത്ത അവസ്ഥയുമുണ്ടെങ്കിൽ നിശ്ചിത തീയതിയിൽ ഹാജരാകുന്നതിനായി വർഷത്തിൽ മൂന്ന് ദിവസങ്ങൾ ഇത്തരം ഒരു ജൽസയ്ക്കായി നിശ്ചയിക്കുന്നത് ഉചിതമാണെന്ന് കാണുന്നു.

**2. ദൈവിക കാര്യങ്ങൾ കേൾക്കലും കാലത്തിന്റെ ഇമാമിന്റെ പ്രാർത്ഥനയും**

തുടർന്ന് ജൽസയുടെ ലക്ഷ്യങ്ങളെക്കുറിച്ച് പരാമർശിച്ചുകൊണ്ട് അവിടുന്ന് അരുളുന്നു:

സാധിക്കുന്നത്രയും എല്ലാ സുഹൃത്തുക്കളും അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രം ദിവ്യമായ കാര്യങ്ങൾ കേൾക്കാനും പ്രാർത്ഥനകളിൽ പങ്കുചേരാനുമായി ഈ തീയതിയിൽ എത്തിച്ചേരേണ്ടതാണ്. വിശ്വാസവും ദൃഢജ്ഞാനവും ബോധ്യവും വളർത്താൻ അനിവാര്യമായ യാഥാർത്ഥ്യങ്ങളും അറിവുകളും ഈ ജൽസയിൽ വിവരിച്ചുകൊണ്ടിരിക്കും. കൂടാതെ, ആ സുഹൃത്തുക്കൾക്കായി പ്രത്യേക പ്രാർത്ഥനകളും പ്രത്യേക ശ്രദ്ധയും ഉണ്ടായിരിക്കുന്നതാണ്. കരുണാനിധിയായ അല്ലാഹുവിന്റെ സവിധത്തിലേക്ക് അവർ സ്വയം ആകർഷിക്കപ്പെടാനും അവൻ അവരെ അവനുവേണ്ടി സ്വീകരിക്കാനും അവരിൽ പവിത്രമായ മാറ്റങ്ങൾ ഉണ്ടാകാനും സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്.

**3. പുതിയ സഹോദരന്മാരുമായുള്ള കൂടിക്കാഴ്ച**

പറയുന്നു:

ഈ ജൽസകൾ കൊണ്ടുള്ള ഒരു താൽക്കാലിക നേട്ടം എന്തെന്നാൽ, എല്ലാ പുതിയ വർഷവും ഈ ജമാഅത്തിൽ പ്രവേശിക്കുന്ന പുതിയ സഹോദരന്മാർ നിശ്ചിത തീയതിയിൽ ഹാജരായി തങ്ങളുടെ മുൻകാല സഹോദരന്മാരെ നേരിൽ കാണുകയും പരസ്പരം പരിചയപ്പെടുകയും ചെയ്യും; അതുവഴി പരസ്പരമുള്ള സ്നേഹബന്ധവും പരിചയവും വർദ്ധിച്ചുകൊണ്ടിരിക്കും.

**4. മരണപ്പെട്ട സഹോദരന്മാർക്കായുള്ള പ്രാർത്ഥന**

‘ഈ കാലയളവിൽ ഈ നശ്വര ലോകത്തുനിന്ന് വിടപറയുന്ന ഏതൊരു സഹോദരനുവേണ്ടിയും ഈ ജൽസയിൽ മഗ്ഫിറത്തിന്റെ (പാപമോചനത്തിന്റെ) പ്രാർത്ഥന നടത്തുന്നതാണ്.’

ജൽസയുടെ മഹത്വവും പ്രാധാന്യവും

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ ജൽസയുടെ ലക്ഷ്യങ്ങളെക്കുറിച്ച് വ്യക്തമാക്കിയ കാര്യങ്ങൾ ഇതിലുള്ള പങ്കാളിത്തത്തിന്റെ പ്രാധാന്യം വളരെ വർദ്ധിപ്പിക്കുന്നു. അവിടുന്ന് പറയുന്നു:

ഈ ജൽസയെ സാധാരണ ജൽസകളെപ്പോലെ കരുതരുത്. സത്യത്തിന്റെ ശുദ്ധമായ പിന്തുണയുടെയും ഇസ്‌ലാമിന്റെ മഹത്വം ഉയർത്തുന്നതിന്റെയും അടിസ്ഥാനത്തിലാണ് ഇത് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഇതിന്റെ അടിസ്ഥാന ശില അല്ലാഹു തന്റെ സ്വന്തം കൈകൊണ്ട് സ്ഥാപിച്ചതാണ്. ഇതിലേക്ക് വന്ന് ചേരാനായി അവൻ ജനതകളെ തയ്യാറാക്കിയിരിക്കുന്നു. കാരണം, തന്റെ മുന്നിൽ അസാധ്യമായി ഒന്നുമില്ലാത്ത ആ സർവ്വശക്തന്റെ പ്രവൃത്തിയാണ് ഇത്.

*(ഇശ്തിഹാർ 7 ഡിസംബർ 1891)*

ഹദ്റത്ത് മസീഹ് മൗഊദ് (അ) താൻ വാഗ്ദത്ത മസീഹ് ആണെന്ന് അവകാശപ്പെടുകയും രാജ്യത്തുടനീളം കടുത്ത എതിർപ്പുകളുടെ കൊടുങ്കാറ്റ് വീശിയടിക്കുകയും ചെയ്ത വർഷത്തിലാണ് അല്ലാഹുവിന്റെ കൽപ്പനപ്രകാരം ഈ ജൽസയ്ക്ക് തുടക്കം കുറിച്ചത് എന്നത് ഈ വേളയിൽ ഓർക്കേണ്ടതാണ്. ഇന്ത്യയിലെ വിവിധ ആശയക്കാരായ വലിയ മൗലാനമാർ അദ്ദേഹത്തിനു മേൽ കുഫ്ർ ഫത്വകൾ വിധിക്കുകയും ഇസ്‌ലാമിന്റെ പരിധിക്കുപുറത്താണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു വരികയായിരുന്നു. ഈസാ നബിയുടെ ജീവിതത്തെക്കുറിച്ചുള്ള മുസ്‌ലിംകളുടെ മിഥ്യാവിശ്വാസത്തിന് തികച്ചും എതിരായ ഒരു അവകാശവാദമാണ് അദ്ദേഹം ഉന്നയിച്ചിരുന്നത്. അങ്ങനെയുള്ള സാഹചര്യത്തിൽ ആളുകൾ ഖാദിയാനിൽ ഒത്തുകൂടില്ലെന്നായിരുന്നു പുറമെ കരുതപ്പെട്ടിരുന്നത്.

എന്നാൽ കടുത്ത എതിർപ്പുകളും തടസ്സങ്ങളും ഉണ്ടായിരുന്നിട്ടും, ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ നടന്ന 1891 ലെ ജൽസയിൽ എഴുപത്തിയഞ്ച് ആളുകൾ പങ്കെടുക്കുകയുണ്ടായി. ഈ ജൽസയിൽ പങ്കെടുത്ത ഭാഗ്യവാന്മാരായ സ്വഹാബികളുടെ പട്ടിക അവിടുന്ന് തന്റെ ‘ആസ്മാനി ഫൈസല’ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് കടുത്ത എതിർപ്പുകളും തടസ്സങ്ങളും ഉപദ്രവങ്ങളും പള്ളികളിൽ നിന്ന് പുറത്താക്കലും ഉണ്ടായിരുന്നിട്ടും, 1892 ലെ ജൽസ സലാനയിൽ പങ്കെടുത്തവരുടെ എണ്ണം അഞ്ഞൂറായിരുന്നു. അതിൽ ഖാദിയാന് പുറത്തുനിന്ന് ദൂരദേശങ്ങളിൽ നിന്നെത്തിയവരുടെ എണ്ണം മുന്നൂറ്റി ഇരുപത്തിയഞ്ചായിരുന്നു. എതിർപ്പുകളുടെ കൊടുങ്കാറ്റിലൂടെ കടന്നുപോകുന്ന ഈ കപ്പൽ എത്രത്തോളം വിജയകരമായാണ് മുന്നോട്ട് പോകുന്നതെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. 1908ൽ വഫാത്തായ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജീവിതകാലത്തെ അവസാന ജൽസ സലാനയിൽ പങ്കെടുത്തവരുടെ എണ്ണം രണ്ടായിരമായിരുന്നു. വർഷാവർഷം അല്ലാഹു ഈ ജമാഅത്തിന് എങ്ങനെയാണ് പുരോഗതി നൽകിക്കൊണ്ടിരുന്നതെന്ന് ഇത് വ്യക്തമാക്കുന്നു.

1908ൽ അഹ്മദിയ്യാ ഖിലാഫത്തിന്റെ ആദ്യത്തെ ജൽസ സലാന നടന്നു. അതിൽ പങ്കെടുത്തവരുടെ എണ്ണം മൂവായിരമായിരുന്നു. കുഫ്റിന്റെ ഫത്വകൾ ഇറക്കിയ ശത്രുക്കൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വഫാത്തോടുകൂടി ഈ പ്രസ്ഥാനം നശിച്ചുപോകുമെന്ന് കരുതിയിരുന്നു. എന്നാൽ അല്ലാഹു ഒറ്റ വർഷംകൊണ്ട് ഈ ദൈവിക ജൽസയുടെ ഹാജറിൽ ആയിരത്തിന്റെ വർദ്ധനവാണ് നൽകിയത്.

രണ്ടാം ഖിലാഫത്തിന്റെ ആദ്യ വർഷം 1914ൽ ജൽസയിലെ ഹാജർ ആറായിരമായിരുന്നു.

ശേഷം പേജ് 11 ൽ

ഖുത്ബ ജുമുഅ

2026 ആഗസ്റ്റ് 7, 1405 സുഹൂർ 7
*മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറി), യു.കെ.*

# അല്ലാഹുവിനോടുള്ള നബി(സ)ന്റെ കൃതജ്ഞത

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തിരുനബി (സ) യുടെ നന്ദിപ്രകടനത്തിന്റെ മാനദണ്ഡങ്ങളെക്കുറിച്ചും, അവിടുത്തെ പ്രവർത്തനങ്ങളെയും അധ്യാപനങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ജൽസയ്ക്ക് മുമ്പുള്ള ഖുതുബയിൽ ഞാൻ പരാമർശിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട വിഷയം ഇന്നും ഞാൻ തുടരുന്നതാണ്.

**അല്ലാഹുവിനോട് നന്ദി കാണിക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട്, ഏറ്റവും ചെറിയ കാര്യങ്ങൾക്ക് പോലും നന്ദി പ്രകടിപ്പിക്കാൻ തിരുനബി (സ) നമ്മെ പഠിപ്പിച്ചു.**

അതുപോലെ, ഹദ്റത്ത് അനസ് ബിൻ മാലിക് (റ) നിവേദനം ചെയ്യുന്നു: ‘ഒരു ദാസൻ വല്ല ഭക്ഷണവും കഴിക്കുകയും അതിനുശേഷം അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്യുമ്പോഴോ, അല്ലെങ്കിൽ വല്ല പാനീയവും കുടിച്ച ശേഷം അതിന് അല്ലാഹുവിനെ പുകഴ്ത്തുമ്പോഴോ അവന്റെ ആ പ്രവൃത്തിയിൽ അല്ലാഹു സംപ്രീതനാകുന്നു‘ എന്ന് തിരുനബി (സ) അരുളിയിരിക്കുന്നു.

*(സ്വഹീഹ് മുസ്‌ലിം, കിതാബ് അസ്ദിക്രി വദ്ദുആ... ഹദീസ് 4901(89), വാള്യം 14, പേജ് 107, നൂർ ഫൗണ്ടേഷൻ)*

അതുപോലെ, ഹദ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്നു: ഒരിക്കൽ തിരുനബി (സ) വീട്ടിലേക്ക് പ്രവേശിച്ചപ്പോൾ തറയിൽ കിടക്കുന്ന ഒരു കഷണം റൊട്ടി കണ്ടു. അവിടുന്ന് ആ റൊട്ടി കഷണം എടുത്ത് വൃത്തിയാക്കി ഭക്ഷിച്ചുകൊണ്ട് പറഞ്ഞു: **‘ആയിശാ! ആദരിക്കപ്പെടാൻ അർഹമായ വസ്തുവിനെ ആദരിക്കുക. ആഹാരമെന്ന ഈ അനുഗ്രഹം ഏതെങ്കിലും ഒരു ജനതയിൽ നിന്ന് എടുത്തുമാറ്റപ്പെട്ടാൽ, പിന്നീട് അത് അവർക്ക് തിരിച്ചുകിട്ടുകയില്ല.’**

*(സുനൻ ഇബ്നു മാജ, കിതാബുൽ അത്ഇമ, ഹദീസ് 3353)*

ഇതായിരുന്നു അവിടുത്തെ ചര്യ. അവിടുന്ന് ഓരോ ചെറിയ കാര്യത്തിലും അല്ലാഹുവിനോട് നന്ദി പ്രകടിപ്പിച്ചിരുന്നു. അവന്റെ അനുഗ്രഹങ്ങൾക്ക് കൃതജ്ഞത രേഖപ്പെടുത്തുകയും തന്റെ കുടുംബാംഗങ്ങളെയും അതിനായി ഉപദേശിക്കുകയും ചെയ്യുമായിരുന്നു. അതിനാൽ, നമുക്ക് ഭക്ഷണത്തിൽ ബറകത്ത് (അനുഗ്രഹം) ലഭിക്കണമെന്നുണ്ടെങ്കിൽ, അല്ലാഹുവിന്റെ ഓരോ അനുഗ്രഹത്തിനും നന്ദി പ്രകടിപ്പിക്കേണ്ടതുണ്ട്.

ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു: മക്കാ വിജയദിനത്തിൽ തിരുനബി (സ) തന്റെ പിതൃവ്യപുത്രിയായ ഉമ്മു ഹാനി ബിൻത് അബി താലിബ് (റ) ന്റെ വീട്ടിൽ ചെന്നു. ആ സമയത്ത് അവിടുന്ന് വിശന്നിരുന്നു. അവിടുന്ന് ചോദിച്ചു: ‘കഴിക്കാൻ വല്ലതുമുണ്ടോ?‘ അവർ പറഞ്ഞു: ‘ഉണങ്ങിയ റൊട്ടി കഷണങ്ങൾ അല്ലാതെ എന്റെ പക്കൽ ഒന്നുമില്ല, അത് അങ്ങയുടെ മുന്നിൽ വെക്കാൻ എനിക്ക് ലജ്ജ തോന്നുന്നു.’ തിരുനബി (സ) പറഞ്ഞു: ‘അത് കൊണ്ടുവരൂ.’ അവിടുന്ന് അത് വെള്ളത്തിലിട്ട് ചെറിയ കഷണങ്ങളാക്കി. അവർ കുറച്ചു ഉപ്പ് കൊണ്ടുവന്നു. തിരുനബി (സ) ചോദിച്ചു: ‘കറിയായി വല്ലതുമുണ്ടോ?’ അവർ പറഞ്ഞു: ‘അല്ലാഹുവിന്റെ തിരുദൂതരേ! വിനാഗിരി അല്ലാതെ വേറെയൊന്നുമില്ല.’ തിരുനബി (സ) പറഞ്ഞു: ‘അത് കൊണ്ടുവരൂ.’ അവിടുന്ന് അത് ഭക്ഷണത്തിന്മേൽ ഒഴിച്ച് കഴിക്കുകയും മഹോന്നതനായ അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്തു. തുടർന്ന് അവിടുന്ന് പറഞ്ഞു: **‘വിനാഗിരി എന്തൊരു നല്ല കറിയാണ്! ഉമ്മു ഹാനീ, വിനാഗിരി ഉള്ള വീട് ഒരിക്കലും ദരിദ്രമാകില്ല.’**

*(അൽമുഅ്ജം അസ്സഗീർ ലിത്ത്വബ്റാനി, പരിഭാഷ, പേജ് 615616, ഹദീസ് 951, ഷബീർ ബ്രദേഴ്സ് ലാഹോർ, 2014)*

ഇതായിരുന്നു തിരുനബി (സ) യുടെ നന്ദിപ്രകടനത്തിന്റെ മാനദണ്ഡങ്ങൾ. നമ്മൾ ഈ രാജ്യങ്ങളിൽ ജീവിക്കുന്നു, എണ്ണമറ്റ അനുഗ്രഹങ്ങൾ അനുഭവിക്കുന്നു, എന്നിട്ടും അല്ലാഹുവോട് നന്ദി കാണിക്കേണ്ട കടമ നമ്മൾ പൂർണ്ണമായി നിർവഹിക്കാറില്ല. മറിച്ച്, ചിലപ്പോൾ ചെറിയ ചെറിയ കാര്യങ്ങൾക്ക് പോലും നമ്മൾ പരാതിപ്പെടാൻ തുടങ്ങുന്നു. ‘ഇത് കൊണ്ടുവന്നില്ല, അത് കൊണ്ടുവന്നില്ല’ എന്നൊക്കെ പറഞ്ഞ് കുടുംബാംഗങ്ങളോട് പരിഭവം പറയുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) നന്ദികെട്ട അത്തരക്കാരുടെ അവസ്ഥയും സ്വഹാബികളുടെ നന്ദിപ്രകടനത്തിന്റെ അവസ്ഥയും വളരെ ശക്തമായ രീതിയിൽ വിവരിച്ചിട്ടുണ്ട്.

അദ്ദേഹം പറയുന്നു: നിങ്ങളുടെ ശരീരത്തിൽ വല്ല കീറിയ വസ്ത്രവുമാണെങ്കിൽ നിങ്ങൾ വിലപിക്കാൻ തുടങ്ങുകയും, ‘ഞങ്ങളുടെ ഭാഗ്യം എങ്ങനെയോ പോയി, ഞങ്ങൾക്ക് ധരിക്കാൻ കീറിയ വസ്ത്രമല്ലേ ലഭിച്ചത്’ എന്ന് പറയുകയും ചെയ്യും. എന്നാൽ സ്വഹാബികൾക്ക് ഒരു കീറിയ വസ്ത്രം ലഭിച്ചാൽ അവരുടെ ശിരസ്സുകൾ അല്ലാഹുവിന്റെ മുന്നിൽ കുനിയുമായിരുന്നു. അവരുടെ നാവുകൾ അല്ലാഹുവിന്റെ അനുഗ്രഹത്തെക്കുറിച്ചുള്ള സ്മരണയാൽ നനഞ്ഞുകുതിരുമായിരുന്നു. അവർ പറയുമായിരുന്നു: ‘ഞങ്ങളുടെ നാഥൻ ഞങ്ങൾക്ക് നൽകിയ വസ്ത്രം എത്ര നല്ലതാണ്!’ നാല് ദിവസം കഴിഞ്ഞിട്ടും ഉണങ്ങിയ ഒരു കഷണം റൊട്ടിയാണ് ലഭിക്കുന്നതെങ്കിൽ അവരുടെ കണ്ണുകൾ സന്തോഷംകൊണ്ട് തിളങ്ങുമായിരുന്നു, അവർ പറയുമായിരുന്നു: ‘അൽഹംദുലില്ലാഹ്, അല്ലാഹു അവന്റെ അനുഗ്രഹം കൊണ്ട് നമ്മെ ആദരിച്ചിരിക്കുന്നു.’

ജമാഅത്ത് അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറയുന്നു: അതുകൊണ്ടാണ് ഇന്നത്തെ നെയ്ച്ചോറും കോർമകറിയും പോലും നിങ്ങൾക്ക് തരാത്തത്ര വലിയ ശക്തി ആ ഉണങ്ങിയ റൊട്ടി കഷണങ്ങൾ അവർക്ക് നൽകിയത്. ഇന്ന് നെയ്ച്ചോർ ലഭിക്കുന്നയാൾ അത് കഴിക്കുന്നുണ്ടെങ്കിലും, അതിന്റെ കൂടെ ഒരു മധുരച്ചോറ് കൂടി ഉണ്ടായിരുന്നെങ്കിൽ എന്ന് അയാൾ ഉള്ളിൽ ആഗ്രഹിക്കുന്നു. നെയ്ച്ചോറും മധുര ച്ചോറും ഒരുമിച്ച് ലഭിച്ചാൽ പോലും, മധുരച്ചോറിനോടൊപ്പം ഒരു ഫിർണി(തണുത്ത ഒരു തരം പായസം)യും കൂടി ഉണ്ടായിരുന്നെങ്കിൽ എന്ന് പറഞ്ഞ് അയാൾ സങ്കടക്കണ്ണീർ പൊഴിക്കുന്നു. പരിപ്പ് ലഭിക്കുന്നവൻ മാംസത്തിനായി കൊതിക്കുന്നു. മാംസം ലഭിക്കുന്നവൻ ചോറിനായി തൃഷ്ണയോടെ കാത്തിരിക്കുന്നു. നാല് റൊട്ടി കഴിക്കാൻ ലഭിക്കുന്നവൻ... ഇങ്ങനെ അദ്ദേഹം വിശദമായി വിവരിച്ചിരിക്കുന്നു.

അദ്ദേഹം പറയുന്നു: ആ സ്വഹാബികളുടെ അവസ്ഥ എന്തായിരുന്നു? അവിടെ ഒരു കഷണം ഉണങ്ങിയ റൊട്ടി ലഭിച്ചാൽ പോലും സ്വഹാബികൾ പറയുമായിരുന്നു: ‘ഈ കഷണം കഴിക്കാൻപോലും ഞങ്ങൾ അർഹരായിരുന്നില്ല, ഇത് അല്ലാഹുവിന്റെ ഫള്ൽ (അനുഗ്രഹം) കൊണ്ട് മാത്രം ഞങ്ങൾക്ക് ലഭിച്ചതാണ്.’ അതിന്റെ ഫലമായി ആ ഉണങ്ങിയ റൊട്ടി കഷണം അവരുടെ ശരീരത്തിൽ പിടിക്കുകയും, അവരിൽ ഉയർന്ന ലക്ഷ്യബോധവും ഔന്നത്യവും വളർത്തുകയും, അവരുടെ നന്ദിപ്രകടനത്തിന്റെ ആവേശം കൂടുതൽ വർദ്ധിപ്പിക്കുകയും ചെയ്തു. അറബ് പ്രഭുക്കന്മാരുടെ അധികാരം അവസാനിക്കുകയും, തിരുനബി (സ) പതിനായിരം പുണ്യവാന്മാരായ അനുയായികളോടൊപ്പം മക്കയിൽ പ്രവേശിക്കുകയും ചെയ്ത മക്കാ വിജയദിനത്തിൽ, ജീവിതകാലം മുഴുവൻ ഇസ്‌ലാമിനെ എതിർക്കുന്നതിൽ കഴിഞ്ഞുകൂടിയ മക്കയിലെ

വലിയ പ്രഭുക്കന്മാർ തലകുനിച്ചുകൊണ്ട് തിരുനബി(സ)ന്റെ മുന്നിൽ വന്നു; അപ്പോൾ അവിടുന്ന് അവരോട് പ്രഖ്യാപിച്ചു: 'പോവുക, ഞാൻ നിങ്ങൾക്ക് മേൽ ഒരു കുറ്റാരോപണവും ഉന്നയിക്കുന്നില്ല. നിങ്ങളെല്ലാവരും എന്റെ ഭാഗത്തുനിന്ന് സ്വതന്ത്രരാണ്.'

ഈ പ്രഖ്യാപനത്തിനു ശേഷം അവിടുന്ന് ഹദ്റത്ത് ഉമ്മു ഹാനി (റ) യുടെ വീട്ടിലേക്ക് പോയി. (മുമ്പ് സൂചിപ്പിച്ചതുപോലെ ഉമ്മു ഹാനി (റ) തിരുനബി (സ) യുടെ പിതൃവ്യപുത്രിയായിരുന്നു). അവിടുന്ന് ചോദിച്ചു: 'കഴിക്കാൻ വല്ലതുമുണ്ടോ?' അവർ പറഞ്ഞു: 'കഴിക്കാൻ ഒന്നുമില്ല, നേരത്തെ പറഞ്ഞതുപോലെ എന്റെ പക്കൽ വല്ലതുമുണ്ടായിരുന്നെങ്കിൽ ഞാൻ തന്നെ അത് നിങ്ങൾക്ക് വിളമ്പിത്തരുമായിരുന്നു; എങ്കിലും പല ദിവസങ്ങളായി അവിടെ കിടക്കുന്ന ഒരു കഷണം ഉണങ്ങിയ റൊട്ടി മാത്രമേയുള്ളൂ.' അപ്പോൾ അവിടുന്ന് പറഞ്ഞു: 'ശരി, അത് കൊണ്ടുവരൂ.' അവർ ആ റൊട്ടി തിരുനബി (സ) യുടെ അരികിൽ കൊണ്ടുവന്നപ്പോൾ അവിടുന്ന് പറഞ്ഞു: 'ഇത് നല്ലൊരു റൊട്ടിയാണ്, വീട്ടിൽ ഭക്ഷിക്കാൻ ഒന്നുമില്ലല്ലോ എന്ന് ഓർത്ത് നിങ്ങൾ വെറുതെ വിഷമിക്കുകയായിരുന്നു.' തുടർന്ന് അവർ വെള്ളം കൊണ്ടുവന്നു. അവിടുന്ന് ആ റൊട്ടി വെള്ളത്തിൽ മുറിച്ചിട്ടു. അതിനുശേഷം ചോദിച്ചു: 'കറി വല്ലതുമുണ്ടോ?' അവർ പറഞ്ഞു: 'കറി എവിടെനിന്ന് വരാനാണ്? എന്റെ പക്കൽ റൊട്ടി പോലുമുണ്ടായിരുന്നില്ല. വല്ലതുമുണ്ടായിരുന്നെങ്കിൽ ഞാൻ മുമ്പേ കൊണ്ടുവന്നേനെ. അല്പം വിനാഗിരി മാത്രമേ എന്റെ പക്കലുള്ളൂ.' തിരുനബി (സ) പറഞ്ഞു: 'എന്തൊരു നല്ല കറിയാണ് അത്.' അവർ ആ വിനാഗിരി കൊണ്ടുവന്നു, അവിടുന്ന് അത് റൊട്ടിയിൽ ഒഴിച്ച് കഴിക്കാൻ തുടങ്ങി.

അവിടുന്ന് (മുസ്‌ലിഹ് മൗഊദ് (റ)) പറയുന്നു: തിരുനബി (സ) വിനാഗിരിയെയും അല്ലാഹുവിന്റെ ഒരു അനുഗ്രഹമായി കണക്കാക്കുകയും, ഉണങ്ങിയ റൊട്ടി അതോടൊപ്പം കഴിച്ച് അല്ലാഹുവിന്റെ അനുഗ്രഹത്തിന് നന്ദി പ്രകടിപ്പിക്കുകയും ചെയ്തു. അതിനാൽ, ഹൃദയത്തിൽ ഉണ്ടാകുന്ന സന്തോഷത്തിൽ നിന്നാണ് യഥാർത്ഥത്തിൽ ദഹനം ഉണ്ടാകുന്നത്. സന്തോഷത്തോടെ ഒരു സാധാരണ കാര്യം കഴിച്ചാൽപോലും അത് ശരീരത്തിൽ വലിയ ശക്തി ഉത്പാദിപ്പിക്കും; എന്നാൽ സങ്കടത്തോടെ നല്ല ഭക്ഷണം കഴിച്ചാൽപോലും അത് മനുഷ്യനിൽ യാതൊരു ശക്തിയും ഉണ്ടാക്കില്ല.

അദ്ദേഹം പറയുന്നു: ആളുകൾ കരുതുന്നത് തങ്ങൾക്ക് കൂടുതൽ കാര്യങ്ങൾ ലഭിക്കേണ്ടതായിരുന്നുവെന്നും എന്നാൽ കുറച്ചേ ലഭിച്ചിട്ടുള്ളൂ എന്നുമാണ്. എന്നാൽ സ്വഹാബികളാകട്ടെ, തങ്ങൾക്ക് കുറച്ചേ ലഭിക്കേണ്ടിയിരുന്നുള്ളൂവെന്നും എന്നാൽ ധാരാളം ലഭിച്ചിട്ടുണ്ടെന്നുമാണ് എല്ലാ കാര്യത്തെക്കുറിച്ചും കരുതിയിരുന്നത്. അവരുടെ നന്ദിപ്രകടനത്തിന്റെ രീതി എന്തായിരുന്നുവെന്നാൽ, തങ്ങൾക്ക് വളരെ കുറച്ചുമാത്രമാണ് ലഭിച്ചതെങ്കിൽപോലും അവർ പറയുമായിരുന്നു: 'ഇതും വളരെ കൂടുതലാണ്.' ഈ കാരണം കൊണ്ടാണ്, ഇന്നത്തെ പത്ത് റൊട്ടികൾ പോലും തരാത്തത്ര വലിയ പ്രയോജനം അന്നത്തെ ഒരു റൊട്ടി കഷണം പോലും അവർക്ക് നൽകിയത്.

തുടർന്ന് അദ്ദേഹം പറഞ്ഞു: നിങ്ങളിൽ ചിലർ ഇതുവരെ ഈമാനിന്റെ (വിശ്വാസത്തിന്റെ) മാധുര്യം ആസ്വദിച്ചിട്ടില്ലാത്തതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. ഒരു മഹത്തായ ആത്മീയ ദൗത്യത്തിന് വേണ്ടിയാണ് അല്ലാഹു നിങ്ങളെ സൃഷ്ടിച്ചിരിക്കുന്നത് എന്ന യാഥാർത്ഥ്യത്തെക്കുറിച്ച് നിങ്ങളുടെ ഹൃദയങ്ങൾ തികച്ചും അജ്ഞമാണ്. ആരെയാണോ അല്ലാഹു ആത്മീയ വിപ്ലവത്തിനും മാറ്റത്തിനുമായി സൃഷ്ടിക്കുന്നത്, അദ്ദേഹത്തിന് മുന്നിൽ ലോകത്തിലെ വലിയ വലിയ രാജാക്കന്മാർപോലും നിസ്സാരരാണ്. എന്നിട്ടും നിങ്ങളുടെ പദവിയെ മനസ്സിലാക്കുന്നതിനും നിങ്ങളുടെ ഉത്തരവാദിത്തങ്ങൾ ശരിയായ രീതിയിൽ അലസതയില്ലാതെ നിർവഹിക്കുന്നതിനും പകരം, നിങ്ങൾ ഏറ്റവും നിസ്സാരവും താഴ്ന്നതുമായ ചെറിയ ചെറിയ കാര്യങ്ങളിലേക്ക് ശ്രദ്ധ തിരിക്കുകയും, 'എനിക്ക് ഇത് ലഭിച്ചില്ല, എനിക്ക് അത് ലഭിച്ചില്ല' എന്ന് പരാതിപ്പെടുകയും ചെയ്യുന്നു.

അല്ലാഹു നിങ്ങളെ ഏത് ലക്ഷ്യത്തിനുവേണ്ടിയാണ് സൃഷ്ടിച്ചത് എന്ന ബോധം നിങ്ങളുടെ ഉള്ളിൽ ഉണ്ടാകുന്നതുവരെ, നിങ്ങളുടെ പദവി നിങ്ങൾ തിരിച്ചറിയുന്നതുവരെ, നിങ്ങൾ എന്ത് ജോലിയാണ് ചെയ്യാൻ പോകുന്നത്? നിങ്ങളുടെ ഹൃദയം സന്തോഷത്തിന്റെ അലകളാൽ എപ്പോഴും നിറഞ്ഞുനിൽക്കേണ്ടതും, നിങ്ങളുടെ ഉള്ളിൽ എപ്പോഴും ജാഗ്രതയും ഉണർവും പ്രകടമായിരിക്കേണ്ടതുമായ ഒരു പദവിയിലാണ് അല്ലാഹു നിങ്ങളെ പ്രതിഷ്ഠിച്ചിരിക്കുന്നത്. ഈ ഗുണം നിങ്ങളുടെ ഉള്ളിൽ രൂപപ്പെട്ടാൽ, വളരെ കുറഞ്ഞ അളവിലുള്ള ആഹാരംകൊണ്ട് പോലും ജോലി ചെയ്യാൻ പ്രാപ്തമാകുന്ന വലിയൊരു ശക്തി പെട്ടെന്നുതന്നെ നിങ്ങളിൽ ഉണ്ടാകും.

*(അമൽ കെ ബഗൈർ കാമ്യാബി ഹാസിൽ നഹി ഹോ സക്തി, അൻവാറുൽ ഉലൂം, വാള്യം 18, പേജ് 475 479; ഉസുദുൽ ഗാബ, വാള്യം 7, പേജ് 393, ദാറുൽ കുതുബുൽ ഇൽമിയ്യ)*

അതിനാൽ, പൊതുവായി ഓരോ അഹ്മദിയും പ്രത്യേകിച്ച് കുറഞ്ഞ വിഭവങ്ങൾ ഉള്ളവരും, അതിലുപരി ജീവിതം വഖഫ് ചെയ്തവരും തങ്ങളുടെ നന്ദി പ്രകടനത്തിന്റെ മാനദണ്ഡങ്ങൾ ഉയർത്താൻ ഉപയോഗിക്കേണ്ട ഒരു കുറിപ്പടിയാണിത്. ഇതിന് വലിയ ആവശ്യകതയുണ്ട്. അതുപോലെ, വഖഫ് ചെയ്തവർ തങ്ങളുടെ ഭാര്യമാരിലും കുട്ടികളിലും ഈ ബോധം പരമാവധി വളർത്തിയെടുക്കേണ്ടതുണ്ട്; കാരണം,

ഏത് ലക്ഷ്യത്തിനുവേണ്ടിയാണോ അവർ സ്വയം വഖഫ് ചെയ്തിരിക്കുന്നത്, ആ ലക്ഷ്യം വളരെ മഹത്തായതാണ്. ആ മഹത്തായ ലക്ഷ്യം കൈവരിക്കാൻ, അതുപോലെ വലിയ ലക്ഷ്യം നേടിയെടുത്തവരുടെ മാതൃകകൾ നമ്മുടെ മുന്നിൽ ഉണ്ടായിരിക്കണം. അവരെ അനുകരിക്കാൻ നാം ശ്രമിക്കണം; അപ്പോൾ മാത്രമേ ആ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുകയുള്ളൂ.

തിരുനബി (സ) തന്റെ സ്വഹാബികളുടെ സേവനത്തിന് നന്ദി പ്രകടിപ്പിക്കുകയും അതിനോടൊപ്പം എത്രമാത്രം പ്രാർത്ഥനകൾ കൊണ്ട് അവരെ അനുഗ്രഹിക്കുകയും ചെയ്തിരുന്നു എന്നത് സംബന്ധിച്ച് ഹദ്റത്ത് അബു ഖതാദ (റ) യിൽ നിന്ന് ഒരു നിവേദനമുണ്ട്. അദ്ദേഹം പറയുന്നു: ഒരു യാത്രയ്ക്കിടയിൽ തിരുനബി (സ) ഞങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'നിങ്ങൾ ഈ വൈകുന്നേരവും മുഴുവൻ രാത്രിയും യാത്ര തുടരുക, നാളെ ഇൻശാ അല്ലാഹ് നിങ്ങൾ വെള്ളമുള്ള സ്ഥലത്ത് എത്തിച്ചേരും.' ആളുകൾ പരസ്പരം തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ യാത്ര തുടർന്നു.

ഹദ്റത്ത് അബു ഖതാദ (റ) പറയുന്നു: തിരുനബി (സ) യാത്ര തുടർന്നു, ഒടുവിൽ പാതിരാത്രി കഴിഞ്ഞു, ഞാൻ അവിടുത്തെ ഒപ്പമുണ്ടായിരുന്നു. തിരുനബി (സ) ക്ക് ഉറക്കം തൂങ്ങുകയും, അവിടുന്ന് തന്റെ വാഹനത്തിൽ ഒരു വശത്തേക്ക് ചാരിയിരിക്കുകയും ചെയ്തു. ഞാൻ അവിടുത്തെ അടുത്ത് ചെന്ന്, ഉണർത്താതെ അവിടുത്തേക്ക് താങ്ങുകൊടുത്തു; അങ്ങനെ അവിടുന്ന് സന്തുലിതാവസ്ഥ വീണ്ടെടുത്ത് വീണ്ടും നിവർന്ന് ഇരുന്നു. വീണ്ടും രാത്രിയുടെ ഭൂരിഭാഗവും കഴിയുന്നതുവരെ അവിടുന്ന് യാത്ര തുടർന്നു. അപ്പോഴും ഉറക്കം കാരണം അവിടുന്ന് ഒരു വശത്തേക്ക് ചാരി. ഞാൻ വീണ്ടും അവിടുത്തെ ഉണർത്താതെ താങ്ങുകൊടുക്കുകയും അവിടുന്ന് നിവർന്നിരിക്കുകയും ചെയ്തു.

പിന്നീട് രാത്രിയുടെ അവസാന ഭാഗം ആകുന്നതുവരെ ഞങ്ങൾ ഈ രീതിയിൽ തുടർന്നു. അപ്പോൾ അവിടുന്ന് മുമ്പത്തേക്കാൾ കൂടുതൽ ചാരിയതിനാൽ വാഹനത്തിൽ നിന്ന് താഴെ വീഴുന്ന അവസ്ഥയിലായി. ഞാൻ പെട്ടെന്ന് മുന്നോട്ട് ചെന്ന്

• ഹദീഥുന്നബ്വി ﷺ •

**അക്‌രിമൂ ഔലാദക്കും.**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ

**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്വി ﷺ •

**അൽഅമാനത്തു ഇസ്സുൻ.**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ

**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

അവിടുത്തേക്ക് താങ്ങുകൊടുത്തു. അങ്ങനെ അവിടുന്ന് തലയുയർത്തി ചോദിച്ചു: 'ഇത് ആരാണ്?' ഞാൻ മറുപടി പറഞ്ഞു: 'അബു ഖതാദ.' അവിടുന്ന് ചോദിച്ചു: 'നീ എപ്പോൾ മുതൽ ഇങ്ങനെ എന്റെ കൂടെയുണ്ട്?' ഞാൻ പറഞ്ഞു: 'രാത്രിയുടെ തുടക്കം മുതൽ ഞാൻ അങ്ങയോടൊപ്പമുണ്ട്.'

അപ്പോൾ അവിടുന്ന് പ്രാർത്ഥിച്ചു: 'അല്ലാഹുവിന്റെ പ്രവാചകനെ നീ സംരക്ഷിച്ചത് പോലെ അല്ലാഹു നിന്നെയും സംരക്ഷിക്കട്ടെ.'

*(സ്വഹീഹ് മുസ്‌ലിം, കിതാബ് അൽമാസാജിദി വ മവാളിഇസലാത്... ഹദീസ് 1091(311), വാള്യം 3, പേജ് 165166, നൂർ ഫൗണ്ടേഷൻ)*

അവിടുന്ന് വലിയ രീതിയിലുള്ള കൃതജ്ഞതയാണ് പ്രകടിപ്പിച്ചത്.

തന്റെ നന്ദിപ്രകടനത്തിന്റെ എന്ത് മാതൃകയാണ് തിരുനബി (സ) നമുക്ക് മുന്നിൽ വെച്ചത്? ഒരു നിവേദനത്തിൽ വരുന്നു: ഹദ്റത്ത് അബു ഉമാമ (റ) നിവേദനം ചെയ്യുന്നു, തിരുനബി (സ) പറഞ്ഞു: 'എന്റെ റബ്ബ്, പ്രതാപവാനും മഹാനുമായവൻ, മക്കയുടെ താഴ്‌വര എനിക്കായി സ്വർണ്ണമാക്കി മാറ്റാമെന്ന് എന്നോട് വാഗ്ദാനം ചെയ്തു. അപ്പോൾ ഞാൻ പറഞ്ഞു: 'വേണ്ട, എന്റെ നാഥാ മറിച്ച്, ഒരു ദിവസം ഞാൻ പട്ടിണിയിരിക്കാനും മറ്റൊരു ദിവസം വയറുനിറയെ ഭക്ഷണം കഴിക്കാനുമാണ് ഞാൻ ഇഷ്ടപ്പെടുന്നത്; എനിക്ക് വയറുനിറയെ ഭക്ഷണം ലഭിക്കുമ്പോൾ ഞാൻ നിന്നെ സ്തുതിക്കുകയും നന്ദി പറയുകയും ചെയ്യും, എനിക്ക് വിശപ്പ് അനുഭവപ്പെടുമ്പോൾ ഞാൻ നിന്റെ മുന്നിൽ ദീനതയോടെ പ്രാർത്ഥിക്കുകയും നിന്റെ അടുക്കൽ ആശ്വാസം തേടുകയും ചെയ്യും.'

*(കിതാബ് അഖ്‌ലാഖുന്നബിയ്യ് വ ആദാബുഹു, ഇബ്നു ഹയ്യാൻ അൽഅസ്ബഹാനി, പേജ് 224, ദാറുൽ കിതാബ് അൽഅറബി, 1986)*

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറയുന്നു: തിരുനബി (സ) വെള്ളം കുടിക്കുമ്പോൾ പാത്രത്തിൽ നിന്ന് മൂന്ന് ഘട്ടങ്ങളായാണ് കുടിച്ചിരുന്നത്. ഒറ്റയടിക്ക് മുഴുവൻ ഗ്ലാസും കുടിച്ചു തീർക്കില്ലായിരുന്നു, മറിച്ച് മൂന്ന് തവണയായാണ് കുടിച്ചിരുന്നത്. ഓരോ ഘട്ടത്തിന് ശേഷവും അല്ലാഹുവിനെ സ്തുതിക്കുകയും അവസാന ഘട്ടത്തിന് ശേഷം അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുകയും ചെയ്യുമായിരുന്നു.

*(കിതാബ് അഖ്‌ലാഖുന്നബി വ ആദാബുഹു, ഇബ്നു ഹയ്യാൻ അൽഅസ്ബഹാനി, പേജ് 191, ദാറുൽ കിതാബ് അൽഅറബി, 1986)*

നബി(സ) പറഞ്ഞതുപോലെ, വെള്ളം കുടിക്കുമ്പോൾ ഒരു കവിൾ കുടിച്ചാൽ പോലും നന്ദി പറയുക, അവനെ സ്തുതിക്കുക. ഇതാണ് വെള്ളം കുടിക്കേണ്ട രീതി. നന്ദിപ്രകടനത്തോടൊപ്പം ഇത് ആരോഗ്യത്തിനും വളരെ പ്രധാനമാണ്; കാരണം ഒറ്റയടിക്ക് കുടിക്കുന്നതിന് പകരം സാവധാനത്തിൽ ഇടവേളയെടുത്ത് വേണം കുടിക്കാൻ.

ബുഖാരിയിൽ ഹദ്റത്ത് അബു ഹുറയ്റ (റ) യുടെ ഒരു ദീർഘമായ നിവേദനമുണ്ട്. അദ്ദേഹം പറയുന്നു: പങ്കുകാരനില്ലാത്ത അല്ലാഹുവാണെ സത്യം, ഒരിക്കൽ വിശപ്പ് കാരണം ഞാൻ എന്റെ വയറ് നിലത്തോടടുപ്പിച്ച് കിടക്കുമായിരുന്നു, ചിലപ്പോൾ വിശപ്പ് സഹിക്ക വയ്യാതെ ഞാൻ എന്റെ വയറ്റിൽ ഒരു കല്ല് കെട്ടിവെക്കുമായിരുന്നു. ഇത് ഒരു ദിവസത്തെ കാര്യമല്ല, പല ദിവസങ്ങളിലെയും കാര്യമാണ്.

അദ്ദേഹം പറയുന്നു: ഒരു ദിവസം ആളുകൾ പോകുന്ന വഴിയരികിൽ ഞാൻ ഇരുന്നു. അവിടെ വളരെ മോശമായ അവസ്ഥയായിരുന്നു. ആ വഴിക്ക് ഹദ്റത്ത് അബുബക്കർ (റ) കടന്നുപോയി. പാവപ്പെട്ടവരെ പരിഗണിക്കുന്നതിനെയും ആവശ്യങ്ങൾ ചോദിക്കാത്തവരും, വിശപ്പുള്ളവരെയും സംബന്ധിച്ച ഖുർആനിലെ ഒരു വചനത്തെക്കുറിച്ച് ഞാൻ അദ്ദേഹത്തോട് ചോദിച്ചു, അദ്ദേഹം അതിന്റെ അർത്ഥം എനിക്ക് മനസ്സിലാക്കിത്തന്നു പോയി. അതിനുശേഷം ഹദ്റത്ത് ഉമർ (റ) കടന്നുപോയി. അദ്ദേഹവും അതുപോലെ അതിന്റെ അർത്ഥം എനിക്ക് പറഞ്ഞുതന്നു പോയി. അതിനുശേഷം തിരുനബി (സ) എന്റെ അരികിലൂടെ കടന്നുപോയി. അവിടുന്ന് എന്നെ കണ്ടപ്പോൾ പുഞ്ചിരിക്കുകയും എന്റെ മനസ്സിലുണ്ടായിരുന്ന അവസ്ഥയും എന്റെ മുഖത്തിന്റെ പ്രയാസവും മനസ്സിലാക്കുകയും ചെയ്തു. അവിടുന്ന് വിളിച്ചു: 'അബാ ഹിർ, അബാ ഹിർ.' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, ഞാൻ ഹാജരുണ്ട്.' അവിടുന്ന് പറഞ്ഞു: 'എന്റെ പിന്നാലെ വരൂ.' അവിടുന്ന് വീട്ടിലേക്ക് പോയി. ഞാൻ തിരുനബി(സ)യുടെ പിന്നാലെ ചെന്നു. അവിടുന്ന് അകത്തുപോവുകയും എനിക്കും അകത്തേക്ക് പ്രവേശിക്കാൻ അനുവാദം നൽകുകയും ചെയ്തു.

അവിടെ മുറിക്കുള്ളിൽ പാലുള്ള ഒരു പാത്രം ഇരിപ്പുണ്ടായിരുന്നു. എവിടെ നിന്നാണ് ഇത് ലഭിച്ചതെന്ന് അവിടുന്ന് വീട്ടുകാരോട് ചോദിച്ചു. ആരോ അയച്ച ഉപഹാരമാണെന്ന് അവർ മറുപടി പറഞ്ഞു. എങ്കിലും അവിടുന്ന് വിളിച്ചു: 'അബാ ഹിർ, അബാ ഹിർ.' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, ഞാൻ ഹാജരുണ്ട്.' അവിടുന്ന് പറഞ്ഞു: 'സുഫ്ഫയിലെ ആളുകളുടെ അടുത്ത് ചെന്ന് അവരെ എന്റെയടുക്കൽ കൂട്ടിക്കൊണ്ടുവരൂ. അവർ എപ്പോഴും വിശപ്പുള്ളവരും പുറത്ത് എപ്പോഴും ഇരിക്കുന്നവരുമായിരുന്നു. ആളുകൾ അവരെ ഭക്ഷണത്തിനായി വീടുകളിലേക്ക് കൊണ്ടുപോകാറുണ്ടായിരുന്നു. എങ്കിലും അവിടുന്ന് അവരെ വിളിച്ചു.

അദ്ദേഹം പറയുന്നു: അവരെ വിളിക്കാൻ പറഞ്ഞത് എനിക്ക് അൽപ്പം വിഷമമുണ്ടാക്കി. ഞാൻ മനസ്സിൽ വിചാരിച്ചു: സുഫ്ഫയിലെ ആളുകൾക്ക് മുന്നിൽ ഈ കുറച്ച് പാലു കൊണ്ട് എന്ത് കാര്യം? ഈ പാലിൽ നിന്ന് കുറച്ച് കുടിച്ച് എനിക്ക് കുറച്ച് ഊർജം കിട്ടാൻ എനിക്ക് തന്നെയാണ് കൂടുതൽ അവകാശമുള്ളത്. അവർ വരികയും ഇത് അവർക്ക് നൽകാൻ അവിടുന്ന് കൽപ്പിക്കുകയും ചെയ്താൽ ഞാൻ അത് നൽകേണ്ടിവരും, പിന്നെ എനിക്ക് അതിൽ നിന്ന് വല്ലതും കിട്ടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. എങ്കിലും അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുകയല്ലാതെ വേറെ മാർഗ്ഗമില്ലായിരുന്നു. ഒടുവിൽ ഞാൻ അവരുടെ അടുത്തുചെന്ന് അവരെ വിളിച്ചു. അങ്ങനെ സുഫ്ഫയിലെ ആളുകൾ വന്ന് അവരവരുടെ സ്ഥലങ്ങളിൽ ഇരുന്നു.

അവിടുന്ന് പറഞ്ഞു: 'അബാഹിർ, അബു ഹുറയ്റ! ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, ഞാൻ ഹാജരുണ്ട്.' അവിടുന്ന് പറഞ്ഞു: 'ഇത് എടുത്ത് അവർക്ക് നൽകുക.' ഞാൻ ആ പാത്രം എടുത്തു, ഒരാൾക്ക് നൽകി, അയാൾ വയറുനിറയെ കുടിച്ചു. പിന്നെ രണ്ടാമത്തെയാൾ, മൂന്നാമത്തെയാൾ, അങ്ങനെ എല്ലാവരും കുടിച്ചു. ഒടുവിൽ നബി(സ) യുടെ അടുത്തുതന്നെ ഞാൻ തിരിച്ചെത്തി, അവിടെ ഇരുന്നിരുന്ന എല്ലാവരും വയറുനിറയെ പൂർണ്ണതൃപ്തിയോടെ കുടിച്ചിട്ടുണ്ടായിരുന്നു.

അവിടുന്ന് ആ പാത്രം വാങ്ങി തന്റെ കയ്യിൽ വെച്ചു, എന്നിട്ട് എന്റെ മുഖത്തേക്ക് നോക്കി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: 'അബു ഹുറയ്റ.' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, ഞാൻ ഹാജരുണ്ട്.' അവിടുന്ന് പറഞ്ഞു: 'ഇപ്പോൾ ഞാനും നീയും മാത്രമാണ് ബാക്കിയുള്ളത്.' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, അങ്ങ് സത്യം തന്നെയാണ് പറഞ്ഞത്.' അവിടുന്ന് പറഞ്ഞു: 'ഇരുന്ന് കുടിക്കുക.' ഞാൻ ഇരുന്ന് കുടിക്കാൻ തുടങ്ങി. അവിടുന്ന് പറഞ്ഞു: 'ഇനിയും കുടിക്കുക.' ഞാൻ കൂടുതൽ കുടിച്ചു. അവിടുന്ന് വീണ്ടും 'ഇനിയും കുടിക്കുക' എന്ന് പറഞ്ഞുകൊണ്ടിരുന്നു. ഞാൻ എത്രത്തോളം കുടിച്ചു എന്ന് വെച്ചാൽ, ഒടുവിൽ ഞാൻ പറഞ്ഞു: 'ഇല്ല, അങ്ങയെ സത്യവുമായി അയച്ചവൻ തന്നെയാണെ സത്യം, ഇനി ഇതിൽ കൂടുതൽ കുടിക്കാൻ സ്ഥലമില്ല, വയറു പൂർണ്ണമായും നിറഞ്ഞിരിക്കുന്നു' അവിടുന്ന് പറഞ്ഞു: 'എനിക്ക് കാണിച്ചുതരിക.' അങ്ങനെ ഞാൻ പാത്രം അവിടുത്തേക്ക് നൽകി.

സ്വയം വിശപ്പിലായിരുന്നിട്ടും അവിടുന്ന് ആദ്യം അല്ലാഹുവിന് നന്ദി പറയുകയും അല്ലാഹുവിന്റെ നാമം സ്മരിക്കുകയും ചെയ്തു, അതിനുശേഷമാണ് ആ ബാക്കി പാൽ അവിടുന്ന് കുടിച്ചത്.

*(സ്വഹീഹ് അൽബുഖാരി, കിതാബ് അർറിഖാഖ്... ഹദീസ് 6452, വാള്യം 15, പേജ് 220223, നസാറത്ത് ഇശാഅത്ത്)*

ഇതാണ് അവിടുത്തെ നന്ദിപ്രകടനം. ഈ നന്ദിപ്രകടനം കാരണം അല്ലാഹു അതിൽ വലിയ ബറകത്ത് (അനുഗ്രഹം) നൽകി; എല്ലാ സ്വഹാബികൾക്കും കുടിക്കാൻ സാധിക്കുകയും അവിടുത്തേക്കും തന്റെ വിശപ്പ് മാറ്റാൻ കഴിയുകയും ചെയ്തു.

ഹദ്റത്ത് ആയിശ (റ) നിവേദ

• ഹദീഥുന്നബവി ﷺ •

**തഅല്ലമുൽയഖീന.**
**ദൃഢജ്ഞാനം ആർജിക്കുവിൻ.**

ത്വാലിബെ ദുആ

**LATE P.V.SAINAB AND FAMILY**
KARULAI, MALAPPURAM

നം ചെയ്യുന്നു: തിരുനബി (സ) അരുളി ചെയ്തു: ആർക്കെങ്കിലും വല്ല ഉപകാരവും ചെയ്യപ്പെട്ടാൽ അവൻ അതിന് പ്രതിഫലം നൽകട്ടെ; അതിന് കഴിവില്ലാത്തവൻ ആ ഉപകാരത്തെ ആളുകളുടെ മുന്നിൽ പരാമർശിക്കട്ടെ. കാരണം, അത് പരാമർശിക്കുന്നവൻ നന്ദി പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. എന്നാൽ യഥാർത്ഥത്തിൽ തനിക്ക് ആ ബഹുമതി ലഭിച്ചിട്ടില്ലെങ്കിലും കൃത്രിമമായി താൻ വലിയവനാണെന്ന് നടിക്കുന്നവൻ, രണ്ട് വ്യാജവസ്ത്രങ്ങൾ ധരിച്ചവനെപ്പോലെയാണ് അതായത് ആപാദചൂഢം കള്ളം പറയുന്നവനാണ് അവൻ.

*(മുസ്നദ് ഇമാം അഹ്മദ് ബിൻ ഹൻബൽ, മുസ്നദ് ആയിശ, വാള്യം 8, പേജ് 142,143. ഹദീസ് 25100, ആലമുൽ കുതുബ്)*

ഒരു രിവായത്തിൽ പറയുന്നു: തിരുനബി (സ) യുടെ മാതുലനായ അസ്വദ് ബിൻ വഹ്ബ് ബിൻ അബ്ദു മനാഫ് ബിൻ സുഹ്റ, തിരുനബി (സ) യുടെ സവിധത്തിൽ ഹാജരാകാൻ അനുവാദം ചോദിച്ചു. തിരുനബി (സ) പറഞ്ഞു: 'പ്രിയ മാതുലാ, അകത്തേക്ക് വന്നാലും.' അദ്ദേഹം അകത്തേക്ക് വന്നു. റസൂലുല്ലാഹി (സ) തന്റെ മേൽത്തുണി അദ്ദേഹത്തിന് വേണ്ടി വിരിച്ചുകൊടുത്തു. അവിടുന്ന് പറഞ്ഞു: 'ഇതിന്മേൽ ഇരുന്നുകൊള്ളുക; കാരണം അമ്മാവൻ പിതാവിന് തുല്യനാണ്.' 'മാതുലാ, ഏതെങ്കിലും വ്യക്തിക്ക് വല്ല ഉപകാരവും ചെയ്യപ്പെടുകയും എന്നാൽ അയാൾ നന്ദി പ്രകടിപ്പിക്കാതിരിക്കുകയും ചെയ്താൽ, ചുരുങ്ങിയപക്ഷം ആ ഉപകാരത്തെക്കുറിച്ചെങ്കിലും അവൻ സംസാരിക്കട്ടെ; കാരണം അവൻ അതിനെക്കുറിച്ച് സംസാരിക്കുമ്പോൾ, തീർച്ചയായും അവൻ നന്ദി പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്.'

*(അസ്സീറത്തുൽ ഹലബിയ്യ, വാള്യം 2, പേജ് 313, ദാറുൽ കുതുബുൽ ഇൽമിയ്യ, 2008)*

നന്ദിപ്രകടനത്തിന്റെ ഈ വശം തിരുനബി (സ) യുടെ സ്വന്തം ജീവിതത്തിൽ നാം എങ്ങനെയാണ് കാണുന്നത്?

നിരവധി സംഭവങ്ങളുണ്ട്. തിരുനബി (സ) തനിക്ക് ഉപകാരം ചെയ്തവരികളെ എപ്പോഴും ഓർക്കുകയും ഓരോ അവസരത്തിലും അവരെക്കുറിച്ച് എടുത്തുപറയുകയും ചെയ്തിരുന്നു.

ഉദാഹരണത്തിന്, തിരുനബി (സ) യുടെ ധർമപത്നിയായിരുന്ന ഹദ്റത്ത് ഖദീജ (റ); അവർ എല്ലാ സന്ദർഭത്തിലും ആദരവ് പ്രകടിപ്പിക്കുകയും തിരുനബി (സ) യോട് അത്യന്തം നല്ല രീതിയിൽ പെരുമാറുകയും ചെയ്ത മഹതിയായിരുന്നു. അവർ മക്കയിലെ ധനികയായ ഒരു സ്ത്രീയായിരുന്നു. തിരുനബി (സ) യുമായി വിവാഹം കഴിഞ്ഞപ്പോൾ, തന്റെ കൈവശമുള്ള മുഴുവൻ സമ്പത്തും അവിടുത്തെ പാദങ്ങളിൽ സമർപ്പിച്ചുകൊണ്ട്, ഏതുവിധത്തിൽ വേണമെങ്കിലും അത് ഉപയോഗിക്കുന്നതിനും പറയുകയുണ്ടായി.

തുടർന്ന്, പ്രവാചകത്വ പ്രഖ്യാപനത്തിനു ശേഷമുള്ള ഓരോ പ്രയാസത്തിലും വിഷമത്തിലും തികഞ്ഞ ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടി പ്രവാചകൻ(സ)ന്റെ കൂടെ അവർ നിലകൊണ്ടു. പ്രവാചകത്വത്തിന്റെ പത്താം വർഷത്തിൽ അവർ വഫാത്താകുന്നത് വരെ അത് തുടർന്നു. തന്റെ ഈ വിശ്വസ്തയായ ഭാര്യ ചെയ്ത ഉപകാരങ്ങൾ തിരുനബി (സ) തന്റെ മരണം വരെ ഓർക്കുകയും അവരുടെ സത്കർമ്മങ്ങളെക്കുറിച്ച് എപ്പോഴും അനുസ്മരിക്കുകയും ചെയ്തു. അവിടുന്ന് അവരെക്കുറിച്ച് എത്രയധികം സംസാരിച്ചിരുന്നുവെന്ന് വെച്ചാൽ, മറ്റു പവിത്രരായ ഭാര്യമാർക്ക് അതുമൂലം അസൂയ തോന്നുമായിരുന്നു.

ഹദ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്നു: തിരുനബി (സ) ഹദ്റത്ത് ഖദീജ (റ) യെക്കുറിച്ച് ഓർക്കുമ്പോഴൊക്കെ അവരെ പ്രശംസിക്കുകയും അത്യധികം പുകഴ്ത്തുകയും ചെയ്യുമായിരുന്നു. ഒരിക്കൽ എനിക്ക് അസൂയ തോന്നി ഞാൻ തിരുനബി (സ) യോട് ചോദിച്ചു: 'അല്ലാഹു അങ്ങേക്ക് അവരെക്കാൾ മികച്ച ഭാര്യമാരെ നൽകിയിരിക്കെ, വൃദ്ധയായ ആ സ്ത്രീയേക്കുറിച്ച് അങ്ങ് എന്തിനാണ് വീണ്ടും വീണ്ടും സംസാരിക്കുന്നത്?' ഇതിന് മറുപടിയായി തിരുനബി (സ) പറഞ്ഞു:

**'അല്ലാഹു എനിക്ക് അവരെക്കാൾ മികച്ച ഒരു ഭാര്യയെയും നൽകിയിട്ടില്ല; കാരണം, ആളുകൾ എന്നെ തള്ളിപ്പറഞ്ഞപ്പോൾ ഖദീജ എന്നെ വിശ്വസിച്ചു; ആളുകൾ എന്നെ വ്യാജനായി മുദ്രകുത്തിയപ്പോൾ അവർ എന്റെ സത്യസന്ധതയെ സ്ഥിരീകരിച്ചു; ആളുകൾ എന്റെ സമ്പത്ത് തടഞ്ഞുവെച്ചപ്പോൾ അവർ തന്റെ സമ്പത്തുകൊണ്ട് എന്നെ സഹായിച്ചു; മറ്റു ഭാര്യമാരിലൂടെ എനിക്ക് മക്കളെ തരാത്ത അല്ലാഹു അവരിലൂടെ എനിക്ക് സന്താനങ്ങളെ പ്രദാനം ചെയ്തു.'**

*(മുസ്നദ് ഇമാം അഹ്മദ് ബിൻ ഹൻബൽ, മുസ്നദ് ആയിശ, വാള്യം 8, പേജ് 204, ഹദീസ് 25376, ആലമുൽ കുതുബ്, 1998)*

**നബി(സ) ജീവിതകാലം മുഴുവൻ അവരുടെ സേവനങ്ങളെ ഓർമ്മിക്കുകയും കൃതജ്ഞത പ്രകടിപ്പിക്കുകയും ചെയ്തു.**

അതുപോലെ, വിവിധ രീതികളിൽ തന്നെ സഹായിച്ച തന്റെ സുഹൃത്തുക്കളോടും വലിയ കൃതജ്ഞത അവിടുന്ന് പ്രകടിപ്പിച്ചു. ഒരിക്കൽ ഹദ്റത്ത് ഉമർ (റ) ഉം ഹദ്റത്ത് അബുബക്കർ (റ) ഉം തമ്മിൽ ഒരു അഭിപ്രായവ്യത്യാസമുണ്ടായി. ആ വിവരം തിരുനബി (സ) ക്ക് ലഭിച്ചപ്പോൾ, അവിടുന്ന് മറ്റുള്ളവരെ ഹദ്റത്ത് അബുബക്കർ (റ) ചെയ്ത വലിയ ഉപകാരങ്ങൾ ഓർമ്മിപ്പിക്കുകയും, അദ്ദേഹത്തിന് യാതൊരു പ്രയാസവും ഉണ്ടാക്കരുതെന്ന് സ്വഹാബികളോട് നിർദ്ദേശിക്കുകയും ചെയ്തു.

രണ്ടുപേരും ഈ വിഷയവുമായി ബന്ധപ്പെട്ട് തിരുനബി (സ) യുടെ അടുക്കൽ എത്തിയപ്പോൾ, അവർക്ക് സ്വന്തം തെറ്റ് മനസ്സിലായി. ഹദ്റത്ത് അബുബക്കർ (റ) പറഞ്ഞു: 'ഞാൻ ഹദ്റത്ത് ഉമിറനോടു അല്പം അതിരുവിട്ടു പെരുമാറിപ്പോയി, ഞാൻ മാപ്പ് ചോദിക്കുന്നു.' ഹദ്റത്ത് ഉമർ (റ) ഉം പറഞ്ഞു: 'ഞാനാണ് അതിരുവിട്ടത്, ഞാൻ മാപ്പ് ചോദിക്കുന്നു.' ഏതായാലും, ഹദ്റത്ത് അബുബക്കറുമായി തർക്കത്തിൽ ഏർപ്പെട്ടതുകൊണ്ട് തിരുനബി (സ) ഹദ്റത്ത് ഉമർ (റ) നോട് തന്റെ അതൃപ്തി പ്രകടിപ്പിച്ചു. എന്നിട്ട് അവിടുന്ന് പറഞ്ഞു: 'അബുബക്കർ, അല്ലാഹു നിങ്ങളുടെ ദോഷങ്ങൾ മറച്ചുവെക്കുകയും പൊറുത്തുതരികയും ചെയ്യട്ടെ.'

തുടർന്ന് ഹദ്റത്ത് ഉമർ (റ) ഖേദത്തോട് കൂടി ഹദ്റത്ത് അബുബക്കർ (റ) ന്റെ വീട്ടിലെത്തി. അവർ രണ്ടുപേരും ഒരുമിച്ച് ഇരിക്കുമ്പോൾ, തിരുനബി (സ) പറഞ്ഞു: 'ജനങ്ങളേ, അല്ലാഹു എന്നെ നിങ്ങളുടെ അടുത്തേക്ക് അയച്ചു, അപ്പോൾ നിങ്ങൾ (എന്നെപ്പറ്റി) പറഞ്ഞു: നീ വ്യാജനാണ്' എന്ന്. എന്നാൽ അബുബക്കർ പറഞ്ഞു: 'അല്ല, സത്യവാനാണ്' എന്ന്. അദ്ദേഹം തന്റെ ജീവനും സമ്പത്തും നൽകി എന്നെ സഹായിച്ചു. അപ്പോൾ എന്റെ കൂട്ടുകാരനെ നിങ്ങൾ എനിക്കായി വിട്ടുതരുമോ ഇല്ലയോ?' അവിടുന്ന് ഇത് രണ്ടുതവണ ആവർത്തിച്ചു. അതിനുശേഷം ഹദ്റത്ത് അബുബക്കർ (റ) ന് ഒരിക്കലും ഒരു ബുദ്ധിമുട്ടും നേരിടേണ്ടി വന്നിട്ടില്ല. എപ്പോഴും അദ്ദേഹത്തിന് അർഹമായ പരിഗണന നൽകപ്പെട്ടിരുന്നു.

*(സ്വഹീഹ് അൽബുഖാരി, കിതാബ് ഫളായിലി അസ്ഹാബിന്നബിയ്യ്, ഹദീസ് 3661, വാള്യം 7, പേജ് 153,154, നസാറത്ത് ഇശാഅത്ത്)*

ഹദ്റത്ത് അബു സഈദ് ഖുദ്രി (റ) നിവേദനം ചെയ്യുന്നു: തിരുനബി (സ) ജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'അല്ലാഹു ഒരു ദാസന് ഈ ലോകം തിരഞ്ഞെടുക്കുന്നതോ അതല്ലെങ്കിൽ തന്റെ പക്കലുള്ള അനുഗ്രഹം തിരഞ്ഞെടുക്കുന്നതോ ആയ അവസരം നൽകി, ആ ദാസൻ അല്ലാഹുവിന്റെ പക്കലുള്ള അനുഗ്രഹമാണ് തിരഞ്ഞെടുത്തത്.'

ഹദ്റത്ത് അബു സഈദ് (റ) പറയുന്നു: ഇത് കേട്ടപ്പോൾ ഹദ്റത്ത് അബുബക്കർ (റ) കരയാൻ തുടങ്ങി. തിരുനബി

• ഹദീഥുന്നബ്‌വി ﷺ •




**മരിച്ചവരെ ചീത്ത പറയരുത്,**
**എന്തുകൊണ്ടെന്നാൽ അവർ മുമ്പേ**
**അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
(ബുഖാരി 23:77)

ത്വാലിബെ ദുആ

**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്‌വി ﷺ •

**ഊസ്വീക്കും ബിൽജാരി.**
**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന്**
**ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ

**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

(സ) ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാൻ അനുവദിച്ച ഒരു ദാസനെക്കുറിച്ചാണ് സംസാരിച്ചതെങ്കിലും ഹദ്റത്ത് അബുബക്കർ (റ) കരയാൻ തുടങ്ങിയത് കണ്ട് ഞങ്ങൾ അത്ഭുതപ്പെട്ടു. യഥാർത്ഥത്തിൽ, പ്രസ്തുത ദാസൻ, തിരുനബി (സ) തന്നെയാണ്. ഈ കാര്യത്തെക്കുറിച്ച് ഞങ്ങളിൽ ഏറ്റവും കൂടുതൽ അറിവുണ്ടായിരുന്നത് ഹദ്റത്ത് അബുബക്കർ (റ)ന് ആയിരുന്നു, അതുകൊണ്ടാണ് അദ്ദേഹം കരയാൻ തുടങ്ങിയതെന്ന് നിവേദകൻ പറയുന്നു.

തിരുനബി (സ) പറഞ്ഞു: **'ജനങ്ങളിൽ, തന്റെ സഹവാസം കൊണ്ടും സമ്പത്ത് ചെലവഴിച്ചുകൊണ്ടും എനിക്ക് ഏറ്റവും വലിയ ഉപകാരം ചെയ്ത വ്യക്തി അബുബക്കറാണ്. എന്റെ നാഥനല്ലാതെ മറ്റാരെയെങ്കിലും ഞാൻ ആത്മാർത്ഥ സുഹൃത്തായി സ്വീകരിക്കുകയാണെങ്കിൽ, ഞാൻ അബുബക്കറിനെ സ്വീകരിക്കുമായിരുന്നു.'**

*(സ്വഹീഹ് അൽബുഖാരി, കിതാബ് ഫളായിലി അസ്ഹാബിന്നബിയ്യ്, ഹദീസ് 3654, വാള്യം 7, പേജ് 149,150, നസാറത്ത് ഇശാഅത്ത്)*

ഇവിടെ ഹദ്റത്ത് അബുബക്കർ (റ) കരയാനുണ്ടായ കാരണം, തിരുനബി (സ) യെ അല്ലാഹു തന്റെ അടുത്തേക്ക് വിളിക്കാൻ ആഗ്രഹിക്കുന്നു എന്ന കാര്യം ആ പ്രസ്താവനയിലൂടെ അദ്ദേഹത്തിന് മനസ്സിലായതുകൊണ്ടാണ്.

മുസ്‌ലിംകൾക്ക് മക്കയിൽ വെച്ച് നാനാവിധ പീഡനങ്ങൾ ഏൽക്കേണ്ടിവന്നപ്പോൾ, അല്ലാഹുവിന്റെ അനുവാദപ്രകാരം അവർ ഹബ്ശയിലേക്ക് (അബിസീനിയ) ഹിജ്റ (പലായനം) ചെയ്തു. അക്കാലത്ത് ഹബ്ശയിലെ രാജാവ് (നജ്ജാശി) അവർക്ക് തന്റെ രാജ്യത്ത് അഭയം നൽകി. **തിരുനബി (സ) ആ രാജാവിന്റെ ഉപകാരം എക്കാലവും സ്മരിക്കുകയും, തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ഓരോ അവസരത്തിലും ആ കൃതജ്ഞത പ്രകടിപ്പിക്കുകയും ചെയ്തു. അങ്ങനെ, നജ്ജാശിയുടെ പ്രതിനിധി സംഘം തിരുനബി (സ) യുടെ സവിധത്തിൽ ഹാജരായപ്പോൾ, തിരുനബി (സ) അവരെ സ്വീകരിക്കാൻ എഴുന്നേറ്റു നിന്നു.** സ്വഹാബികൾ ചോദിച്ചു: 'യാ റസൂലല്ലാഹ്, (അവർക്ക് വേണ്ടത് ചെയ്യാൻ) ഞങ്ങൾ തന്നെ ധാരാളമാണല്ലോ.' അവിടുന്ന് പറഞ്ഞു: 'അവർ നമ്മുടെ സഹപ്രവർത്തകർക്ക് വലിയ ആദരവോടെയും ബഹുമാനത്തോടെയുമാണ് അഭയം നൽകിയത്. അവരുടെ ആ ഉപകാരത്തിന് നേരിട്ട് പകരം നൽകാൻ ഞാൻ ആഗ്രഹിക്കുന്നു.'

*(അസ്സീറത്തുന്നബവിയ്യ ലിബ്നു കസീർ, വാള്യം 2, പേജ് 31, മക്തബത്തു ദാറുൽ മ അ്രിഫ)*

തുടർന്ന്, **കൃതജ്ഞതാബോധത്തിന്റെ ഭാഗമായി ആ രാജാവിന്റെ മരണശേഷം അവിടുന്ന് ഗായിബായി ജനാസ നമസ്കാരം നിർവഹിച്ചു.** ഹദ്റത്ത് അബുഹുറയ്റ (റ) നിവേദനം ചെയ്യുന്നു: നജ്ജാശിയുടെ വഫാത്തിനെക്കുറിച്ച് അറിഞ്ഞപ്പോൾ തിരുനബി (സ) അദ്ദേഹത്തിന് വേണ്ടി ഗായിബായി ജനാസ നമസ്കാരം നിർവഹിച്ചു. സ്വഹാബികൾ നബി(സ)നു പിന്നിൽ സ്വഫ്ഫുകളായി നിൽക്കുകയുണ്ടായി, നബി(സ) അതിൽ നാല് തക്ബീറുകൾ ചൊല്ലുകയും ചെയ്തു.

*(മുസ്നദ് ഇമാം അഹ്മദ് ബിൻ ഹൻബൽ, മുസ്നദ് അബി ഹുറയ്റ, വാള്യം 3, പേജ് 551, ഹദീസ് 9644, ആലം അൽ കുതുബ്)*

### അൻസാറുകളുടെ പ്രവൃത്തികളോടുള്ള നന്ദിപ്രകടനം

പ്രവാചകത്വത്തിന്റെ പതിമൂന്നാം വർഷം, ഹിജ്റയ്ക്ക് മുമ്പ് മദീനയിൽ നിന്ന് എഴുപത് ആളുകൾ വന്ന് ബൈഅത്ത ചെയ്ത സന്ദർഭത്തിൽ, തിരുനബി (സ) മദീനയിലേക്ക് വരുമ്പോൾ സ്വന്തം ജീവനു തുല്യം നബി(സ)യെ സംരക്ഷിക്കാമെന്ന് അവർ വാഗ്ദാനം ചെയ്തു. ഈ അവസരത്തിൽ ഒരു അൻസാരി സ്വഹാബി ചോദിച്ചു: 'യാ റസൂലല്ലാഹ്! മദീനയിലെ യൂദന്മാരുമായി ഞങ്ങൾക്ക് പഴയ ബന്ധങ്ങളുണ്ട്. അങ്ങയെ സഹായിക്കുന്നതു വഴി ആ ബന്ധം മുറിഞ്ഞുപോയേക്കാം. അല്ലാഹു ആധിപത്യം നൽകിക്കഴിഞ്ഞാൽ അങ്ങ് ഞങ്ങളെ ഉപേക്ഷിച്ച് മക്കയിലേക്ക് മടങ്ങിപ്പോകുമോ എന്ന് ഞങ്ങൾ ഭയപ്പെടുന്നു.' അവിടുന്ന് പറഞ്ഞു: **'ഇല്ല, ഒരിക്കലുമില്ല. നിങ്ങളുടെ രക്തം എന്റെ രക്തമാണ്. നിങ്ങളുടെ കൂട്ടുകാർ എന്റെ കൂട്ടുകാരും നിങ്ങളുടെ ശത്രുക്കൾ എന്റെ ശത്രുക്കളുമാണ്.'**

*(അസ്സീറത്തുന്നബവിയ്യ ലിബ്നു ഹിശാം, പേജ് 315, ദാറുൽ കുതുബുൽ ഇൽമിയ്യ, 2001; സുബുൽ ഉൾഹുദാ വൽ റശാദ്, വാള്യം 3, പേജ് 201, മക്തബത്തു ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്)*

ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു: തിരുനബി (സ) ശൗച്യാലയത്തിൽ പോയപ്പോൾ ഞാൻ അവിടുത്തേക്ക് വുളൂഇനുള്ള വെള്ളം എടുത്തുവെച്ചു. 'ഇത് വെച്ചത് ആരാണ്?' എന്ന് അവിടുന്ന് ചോദിച്ചു. അദ്ദേഹം വിവരമറിയിച്ചപ്പോൾ തിരുനബി (സ) അദ്ദേഹത്തിന് വേണ്ടി ഇങ്ങനെ പ്രാർത്ഥിച്ചു:

اَللّٰهُمَّ فَقِّهْهُ فِي الدِّيْنِ

(അല്ലാഹുവേ, ഇദ്ദേഹത്തിന് ദീനീ കാര്യത്തിൽ സൂക്ഷ്മമായ അറിവ് നൽകേണമേ).

*(സ്വഹീഹ് അൽബുഖാരി, കിതാബ് അൽ വുളൂഅ്, ഹദീസ് 143, വാള്യം 1, പേജ് 233, നസാറത്ത് ഇശാഅത്ത്)*

### ഏറ്റവും ചെറിയ കാര്യങ്ങളിൽ പോലും നബി(സ) കൃതജ്ഞത പ്രകടിപ്പിച്ചിരുന്നു.

ഖൈബർ യുദ്ധത്തിനു ശേഷം യാത്രയ്ക്കിടയിൽ തിരുനബി (സ) യുടെയും ഹദ്റത്ത് സഫിയ്യ (റ) യുടെയും വിവാഹം നടന്നു. വിവാഹ രാത്രിയിൽ ഹദ്റത്ത് അബു അയ്യൂബ് (റ) ഖാലിദ് ബിൻ സൈദ് (റ) രാത്രി മുഴുവൻ തിരുനബി (സ) യുടെ കൂടാരത്തിന് പുറത്ത് കാവൽ നിന്നു. രാവിലെ തിരുനബി (സ) ഉണർന്ന് നോക്കിയപ്പോൾ അബു അയ്യൂബ് (റ) കാവൽ നിൽക്കുന്നത് കണ്ടു. അവിടുന്ന് ചോദിച്ചു: 'അബു അയ്യൂബ്, എന്തെങ്കിലും ഗൈറായ കാര്യമാണോ? എന്താണ് കാര്യം?' അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! ഖൈബർ യുദ്ധത്തിൽ അങ്ങ് അവരുടെ പിതാവിനെയും ഭർത്താവിനെയും ജനങ്ങളെയും വധിച്ചിട്ടുണ്ട്, അവർ പുതിയതായി ഇസ്‌ലാം സ്വീകരിച്ചവരുമാണ്. അതിനാൽ അവർ അങ്ങേക്ക് വല്ല ഉപദ്രവവും ചെയ്യുമോ എന്ന് എനിക്ക് ഭയമുണ്ടായിരുന്നു.'

തിരുനബി (സ) അദ്ദേഹത്തിന്റെ ഈ ആത്മാർത്ഥത കണ്ടപ്പോൾ ഇങ്ങനെ പ്രാർത്ഥിച്ചു: **'അല്ലാഹുവേ, രാത്രി മുഴുവൻ എന്നെ കാത്തുസൂക്ഷിച്ചതുപോലെ നീ അബു അയ്യൂബിനെയും കാത്തുരക്ഷിക്കേണമേ.'**

*(അർറൗളുൽ അൻഫ്, വാള്യം 4, പേജ് 85, ദാറുൽ കുതുബുൽ ഇൽമിയ്യ)*

മുത്ഇം ബിൻ അദിയ്യ്, ഖുറൈശികളുടെ ക്രൂരമായ ബഹിഷ്കരണ കരാർ പത്രിക കീറിക്കളയുകയും, ത്വാഇഫിൽ നിന്ന് മടങ്ങിവരുമ്പോൾ തിരുനബി (സ)യെ തന്റെ സംരക്ഷണത്തിൽ മക്കയിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്ത വ്യക്തിയായിരുന്നു. ബദ്റിലെ തടവുകാർ തിരുനബി (സ) യുടെ മുന്നിൽ ഹാജരാക്കപ്പെട്ടപ്പോൾ അവിടുന്ന് മുത്ഇമിന്റെ ഉപകാരങ്ങൾ അനുസ്മരിച്ചു.

മുഹമ്മദ് ബിൻ ജുബൈർ തന്റെ പിതാവ് ജുബൈർ ബിൻ മുത്ഇം (റ) ൽ നിന്ന് നിവേദനം ചെയ്യുന്നു: ബദറിലെ തടവുകാരെക്കുറിച്ച് തിരുനബി (സ) പറഞ്ഞു: 'മുത്ഇം ബിൻ അദിയ്യ് ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ, ഈ ദുർവൃത്തരായ ആളുകളുടെ കാര്യത്തിൽ അദ്ദേഹം എന്നോട് ശുപാർശ ചെയ്തിരുന്നെങ്കിൽ ഞാൻ അവരെ വെറുതെ വിടുമായിരുന്നു.'

*(സ്വഹീഹ് അൽബുഖാരി, കിതാബ് ഫർള് ഉൽഖുംസ്, ഹദീസ് 3139, വാള്യം 5, പേജ് 487,488; അസ്സീറത്തുൽ ഹലബിയ്യ, വാള്യം 1, പേജ് 507, 487)*

ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ് (റ) ഈ സംഭവത്തെക്കുറിച്ച് എഴുതിയിട്ടുണ്ട്: മുത്ഇം തീർത്തും മുശ്‌രിക്കായിരുന്നു. ആ അവസ്ഥയിലാണ് അദ്ദേഹം മരണപ്പെട്ടത്. എങ്കിലും അദ്ദേഹത്തിന്റെ സ്വഭാവത്തിൽ മാന്യതയുണ്ടായിരുന്നു. അങ്ങനെയാണ് മുസ്‌ലിംകൾ ശിഅ്ബ് അബീ ത്വാലിബിൽ ഉപരോധിക്കപ്പെടാൻ കാരണമായ ഖുറൈശികളുടെ ക്രൂരമായ രേഖ അദ്ദേഹം കീറിക്കളഞ്ഞതും, തിരുനബി (സ) ത്വാഇഫിൽ നിന്ന് മടങ്ങി വന്നപ്പോൾ തന്റെ പണത്തിൽ (സംരക്ഷണത്തിൽ) മക്കയിൽ പ്രവേശിപ്പിച്ചതും. ഈ ഉപകാരത്തിന്റെ ഓർമയിലാണ് തിരുനബി (സ) ഈ വാക്കുകൾ പറഞ്ഞത്.

**യഥാർത്ഥത്തിൽ, ആരെങ്കിലും തന്നോട് ചെറിയൊരു നന്മ ചെയ്താൽ പോലും ആ ഉപകാരം ഒരിക്കലും മറക്കാതിരിക്കുക എന്നത് തിരുനബി (സ) യുടെ ഒരു സവിശേഷതയായിരുന്നു.** ആ ഉപകാരത്തിന് പ്രായോഗികമായി നന്ദി പ്രകടിപ്പിക്കാനുള്ള അവസരം എപ്പോഴെങ്കിലും ലഭിക്കണമെന്ന് അവിടുന്ന് എപ്പോഴും ആഗ്രഹിക്കുമായിരുന്നു. ഭൗതികവാദികളെപ്പോലെ ഒരാളുടെ ഉപകാരത്തിന് ഒരിക്കൽ പ്രത്യുപകാരം ചെയ്താൽ 'ആ ഉപകാരത്തിന്റെ കടം വീട്ടി' എന്ന് പറഞ്ഞ് ഒഴിഞ്ഞുമാറുന്ന സ്വഭാവമായിരുന്നില്ല മറിച്ച് തന്റെ ജീവിതകാലം മുഴുവൻ ആ ഉപകാരത്തിന് പ്രതിഫലം നൽകാനോ അത് നന്ദിയോടെ സ്മരിക്കാനോ അവിടുന്ന് ശ്രമിച്ചുകൊണ്ടിരുന്നു.

*(സീറത്തു ഖാതമുന്നബിയ്യീൻ, പേജ് 365,366)*

അബ്ദുല്ലാഹ് ബിൻ അബി റബീഅ മഖ്സൂമി തന്റെ പിതാവിൽ നിന്നും, അദ്ദേഹം തന്റെ പിതാമഹനിൽ നിന്നും നിവേദനം ചെയ്യുന്നു: തിരുനബി (സ) ഹുനൈൻ യുദ്ധത്തിന് പുറപ്പെട്ടപ്പോൾ അദ്ദേഹത്തിൽ നിന്ന് മുപ്പതോ നാൽപ്പതോ ആയിരം കടം വാങ്ങിയിരുന്നു. ഹുനൈനിൽ നിന്ന് മടങ്ങിയെത്തിയപ്പോൾ അവിടുന്ന് അത് പൂർണ്ണമായി തിരികെ നൽകി. എന്നിട്ട് തിരുനബി (സ) അദ്ദേ

ഹത്തോട് പറഞ്ഞു: 'അല്ലാഹു നിങ്ങളുടെ കുടുംബത്തിലും സമ്പത്തിലും അനുഗ്രഹം നൽകട്ടെ.' (സമ്പത്തും കടവും പൂർണ്ണമായി വീട്ടുക എന്നതാണ് അതിന്റെ കടപ്പാട്. അതായത് കടം നൽകിയവന് നന്ദി പ്രകടിപ്പിക്കുക എന്നതും അനിവാര്യമാണ്).

*(സുനൻ ഇബ്നു മാജ, കിതാബുസ്സദഖാത്, ഹദീസ് 2424)*

ഹദ്റത്ത് അംറു ബിൻ അഖ്തബ് (റ) പറയുന്നു: ഒരിക്കൽ തിരുനബി (സ) കുടിക്കാൻ വെള്ളം ചോദിച്ചു. ഞാൻ ഒരു പാത്രത്തിൽ വെള്ളം കൊണ്ടുവന്നു. അതിൽ ഒരു മുടിയിഴയുണ്ടായിരുന്നു. ഞാൻ ആ മുടി എടുത്തുമാറ്റി (അതൊരു ചെറിയ കാര്യമാണ്), ആ പാത്രം റസൂലുല്ലാഹി (സ)ക്ക് നൽകി. അപ്പോൾ തിരുനബി (സ) ഇങ്ങനെ പ്രാർത്ഥിച്ചു:

"اَللّٰهُمَّ جَمِّلْهُ"

(അല്ലാഹുവേ, ഇദ്ദേഹത്തെ നീ സുന്ദരനാക്കേണമേ). നന്ദി പ്രകടിപ്പിക്കാത്ത യാതൊരു ചെറിയ അവസരവും ഉണ്ടായിരുന്നില്ല. നിവേദകൻ പറയുന്നു: തൊണ്ണൂറ്റിമൂന്ന് വയസ്സ് പ്രായമായിട്ടും തിരുനബി(സ)യുടെ ഈ പ്രാർത്ഥനയുടെ ഫലം അദ്ദേഹത്തിൽ ഞാൻ കണ്ടു; അദ്ദേഹത്തിന്റെ തലയിലും താടിയിലും ഒരു നരച്ച മുടിപോലും ഉണ്ടായിരുന്നില്ല.

*(മുസ്നദ് ഇമാം അഹ്മദ് ബിൻ ഹൻബൽ, വാല്യം 7, പേജ് 600, ഹദീസ് 23271, ആലമുൽ കുതുബ്)*

കതാദയിൽ നിന്നുള്ള മറ്റൊരു നിവേദനം: ഹദ്റത്ത് അനസ് (റ) പറയുന്നത് ഞാൻ കേട്ടു: ഹദ്റത്ത് ഉമ്മു സുലൈം (റ) തിരുനബി (സ)യോട് പറഞ്ഞു: 'അനസ് അങ്ങയുടെ സേവകനാണ്.' അപ്പോൾ അവിടുന്ന് അനസിനുവേണ്ടി ഇങ്ങനെ പ്രാർത്ഥിച്ചു: 'അല്ലാഹുവേ, അദ്ദേഹത്തിന്റെ സമ്പത്തും സന്താനങ്ങളും വർദ്ധിപ്പിക്കേണമേ, അദ്ദേഹത്തിന് നീ നൽകിയവയിൽ അനുഗ്രഹം നൽകേണമേ.'

*(സ്വഹീഹ് അൽബുഖാരി, കിതാബ് അദ്ദഅവാത്ത്, ഹദീസ് 6334, വാല്യം 15, പേജ് 59, നസാറത്ത് ഇശാഅത്ത്)*

ഈ പ്രാർത്ഥനയുടെ പൂർത്തീകരണത്തെക്കുറിച്ച് ഹദ്റത്ത് അനസ് (റ) പറയുന്നു: 'അല്ലാഹുവാണെ! തീർച്ചയായും എന്റെ സമ്പത്ത് വളരെ കൂടുതലാണ്, എന്റെ മക്കളും മക്കളുടെ മക്കളും ചേർന്ന് ഇന്നത്തെ എന്റെ സന്താനങ്ങളുടെ എണ്ണം നൂറിനോടടുത്താണ്.'

*(സ്വഹീഹ് മുസ്‌ലിം, വാല്യം 13, പേജ് 124, ഹദീസ് 4517(143), നൂർ ഫൗണ്ടേഷൻ)*

തുടർന്ന് അവിടുന്ന് ഉപദേശിച്ചുകൊണ്ട് പറയുന്നു: ഹദ്റത്ത് ജാബിർ (റ) നിവേദനം ചെയ്യുന്നു, തിരുനബി (സ) അരുളിചെയ്തു: **'ആർക്കെങ്കിലും വല്ല ഉപകാരവും ചെയ്യപ്പെട്ടാൽ, അവൻ അത് എടുത്തുപറയട്ടെ; അങ്ങനെ അവൻ നന്ദി പ്രകടിപ്പിച്ചിരിക്കുന്നു. എന്നാൽ അത് മറച്ചുവെച്ചവൻ നന്ദികേട് കാണിച്ചിരിക്കുന്നു.'**

*(സുനൻ അബി ദാവൂദ്, കിതാബുൽ അദബ്, ഹദീസ് 4814)*

ഹദ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്നു: **തിരുനബി (സ) ഉപഹാരം സ്വീകരിക്കുകയും അതിന് പ്രത്യുപകാരം നൽകുകയും ചെയ്യുമായിരുന്നു.**

*(സുനൻ അബി ദാവൂദ്, കിതാബ് അൽബുയൂഅ്, ഹദീസ് 3536)*

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് (റ) നിവേദനം ചെയ്യുന്നു: തിരുനബി (സ) അരുളി ചെയ്തു: **'ആർക്കെങ്കിലും വല്ല ഉപഹാരവും നൽകപ്പെട്ടാൽ, അവന് അതിന് സാധ്യമാണെങ്കിൽ അവൻ അതിന് പ്രത്യുപകാരം ചെയ്യട്ടെ. എന്നാൽ അതിന് സാധ്യമല്ലെങ്കിൽ, സമ്മാനം നൽകിയവനെ അവൻ പ്രശംസിക്കട്ടെ. കാരണം, ആരാണോ അവനെ പ്രശംസിച്ചത്, അവൻ നന്ദി പ്രകടിപ്പിച്ചിരിക്കുന്നു. ആരെങ്കിലും അത് മറച്ചുവെച്ചാൽ അവൻ നന്ദികേട് കാണിച്ചിരിക്കുന്നു.'**

*(സുനൻ അബി ദാവൂദ്, കിതാബുൽ അദബ്, ഹദീസ് 4813)*

സമൂഹത്തിൽ സ്നേഹവും സമാധാനവും വളർത്താൻ ഏറ്റവും അത്യാവശ്യമായ അടിസ്ഥാനപരമായ ധാർമ്മികതകളാണിത്.

ഹദ്റത്ത് അബു ഹുറയ്റ (റ) നിവേദനം ചെയ്യുന്നു: ഒരു ഗ്രാമീണൻ തിരുനബി (സ)ക്ക് ഒരു ഒട്ടകത്തെ ഉപഹാരമായി നൽകി. അവിടുന്ന് അതിന് പകരമായി അയാൾക്ക് ആറ് ഒട്ടകങ്ങളെ നൽകി.

*(ജാമിഅ് തിർമിതി, അബ്‌വാബുൽ മനാഖിബ്, ഹദീസ് 3945)*

ഹദ്റത്ത് അബു ഹുറയ്റ (റ) നിവേദനം ചെയ്യുന്നു: ഒരാൾ തിരുനബി (സ)യുടെ അടുക്കൽ വന്ന് ചോദിച്ചു. തിരുനബി (സ) അര വുസ്ഖ് (ഏകദേശം എൺപത് കിലോയോളം) ഭക്ഷ്യധാന്യം കടമായി വാങ്ങി അദ്ദേഹത്തിന് നൽകി. പിന്നീട് കടം കൊടുത്തയാൾ അത് ചോദിച്ചുവന്നപ്പോൾ അവിടുന്ന് അദ്ദേഹത്തിന് ഒരു വുസ്ഖ് നൽകി. എന്നിട്ട് പറഞ്ഞു: 'പകുതി നിന്റെ കടം വീട്ടിയ വകയിലാണ്, മറ്റേ പകുതി കൃതജ്ഞത എന്ന നിലയിലുള്ള സമ്മാനമാണ്.'

*(അശ്ശിഫാ ബിതഅ്രീഫി ഹുകൂഖിൽ മുസ്തഫ ലിഖാളി അയ്യാദ്, പേജ് 77,78, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത് 2002)*

ഹദ്റത്ത് അബു ഹിന്ദ് (റ) നിവേദനം ചെയ്യുന്നു: തമീം ബിൻ ഔസ് അദ്ദാരി (റ) ശാമിൽ നിന്ന് മദീനയിലേക്ക് വിളക്കുകളും (ഖുൻദീൽ) ഒലീവ് എണ്ണയും പിരിച്ച കയറുകളുമായി വന്നു. അദ്ദേഹം മദീനയിലെത്തിയപ്പോൾ അത് യാദൃശ്ചികമായി വെള്ളിയാഴ്ച രാവായിരുന്നു. അദ്ദേഹം തന്റെ വേലക്കാരനോട് ഉത്തരവിട്ടു, അവൻ കയറുകൾ തയ്യാറാക്കുകയും മസ്ജിദുന്നബവിയിൽ വിളക്കുകൾ തൂക്കിയിടുകയും അവയിൽ എണ്ണയൊഴിച്ച് തിരിയിടുകയും ചെയ്തു. സൂര്യൻ അസ്തമിച്ചപ്പോൾ വിളക്കുകൾ തെളിക്കാൻ തമീം തന്റെ അടിമയോട് പറഞ്ഞു. തിരുനബി (സ) പള്ളിയിലേക്ക് വരുമ്പോൾ പള്ളി ഈ വിളക്കുകൾ കൊണ്ട് പ്രകാശിക്കുന്നത് കണ്ടു. ഇത് കണ്ട് തിരുനബി (സ) വളരെ സന്തോഷിക്കുകയും 'ഇത് ചെയ്തത് ആരാണ്?' എന്ന് ചോദിക്കുകയും ചെയ്തു. ആളുകൾ പറഞ്ഞു: 'യാ റസൂലല്ലാഹ്, തമീം ദാരിയാണ്.' തിരുനബി (സ) അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കുകയും ഇങ്ങനെ പറയുകയും ചെയ്തു: **'നീ ഇസ്‌ലാമിനെ പ്രകാശിപ്പിച്ചിരിക്കുന്നു. അല്ലാഹു ഇഹത്തിലും പരത്തിലും നിന്നെ പ്രകാശിപ്പിക്കട്ടെ.'** തുടർന്ന് പറഞ്ഞു: 'എനിക്ക് ഒരു മകളുണ്ടായിരുന്നെങ്കിൽ ഞാൻ അവളെ നിനക്ക് വിവാഹം കഴിപ്പിച്ചു തരുമായിരുന്നു.' അതായത്, പള്ളി പ്രകാശിപ്പിച്ച ആ സൽകർമ്മത്തെ നബി(സ) അത്രയധികം അഭിനന്ദിച്ചു.

*(തഫ്സീർ ഖുർതുബി, വാല്യം 2, പേജ് 2205,2206; അത്തബഖാത്തുൽ കുബ്റാ, വാല്യം 7, പേജ് 286, മക്തബത്തു ദാറുൽ കുതുബുൽ ഇൽമിയ്യ)*

ഹദ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്നു: തിരുനബി (സ) രാത്രിയിൽ ദീർഘനേരം നിന്ന് നമസ്കരിക്കുമായിരുന്നു; എത്രയെന്നുവെച്ചാൽ അവിടുത്തെ പാദങ്ങൾ പൊട്ടിപ്പോകുമായിരുന്നു. ഇതു കണ്ടിട്ട് ഹദ്റത്ത് ആയിശ (റ) ചോദിച്ചു: 'യാ റസൂലല്ലാഹ്! അങ്ങയുടെ മുൻപുള്ളതും പിൻപുള്ളതുമായ പാപങ്ങൾ അല്ലാഹു പൊറുത്തുതന്നിരിക്കെ അങ്ങ് എന്തിനാണ് ഇങ്ങനെ കഷ്ടപ്പെടുന്നത്?' അവിടുന്ന് പറഞ്ഞു: **'ഞാൻ നന്ദിയുള്ള ഒരു ദാസനായിരിക്കേണ്ടതില്ലേ?'** തന്റെ ശരീരം തടിച്ചപ്പോൾ, നിന്നുകൊണ്ട് നമസ്കരിക്കുമ്പോൾ കാലുകൾക്ക് വല്ല പ്രയാസവും അനുഭവപ്പെട്ടാൽ അവിടുന്ന് ഇരുന്നുകൊണ്ട് നമസ്കരിക്കുമായിരുന്നു. എന്നാൽ ഇരുന്നുകൊണ്ട് നമസ്കരിക്കുമ്പോഴും സൂറത്തുൽ ഫാത്തിഹയും മറ്റ് സൂറത്തുകളും ഇരുന്നുകൊണ്ട് ഓതുമായിരുന്നു. എന്നാൽ റുകൂഅ് ചെയ്യാൻ ഉദ്ദേശിക്കുമ്പോൾ എഴുന്നേറ്റ് നിന്ന് റുകൂഅ് ചെയ്യുമായിരുന്നു.

*(സ്വഹീഹ് ബുഖാരി, കിതാബുത്തഫ്സീർ, ഹദീസ് 4837, വാല്യം 12, പേജ് 83, നസാറത്ത് ഇശാഅത്ത്)*

അത്വാഅ് നിവേദനം ചെയ്യുന്നു: ഒരിക്കൽ ഞാൻ ഇബ്നു ഉമർ, ഉബൈദുല്ലാഹ് ബിൻ ഉമർ എന്നിവരോടൊപ്പം ഹദ്റത്ത് ആയിശ (റ) യുടെ അടുക്കൽ ചെന്നു. അപ്പോൾ ഹദ്റത്ത് ഇബ്നു ഉമർ (റ) ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ആയിശ (റ) യോട് ചോദിച്ചു: 'റസൂലുല്ലാഹി (സ) യിൽ അങ്ങ് കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും അത്ഭുതകരമായ വല്ല കാര്യവും എനിക്ക് പറഞ്ഞുതന്നാലും.'

അത് കേട്ട് തിരുനബി (സ) യെക്കുറിച്ചുള്ള ഓർമ്മയാൽ ഹദ്റത്ത് ആയിശ (റ) കരയാൻ തുടങ്ങി. എന്നിട്ട് അവർ പറഞ്ഞു: 'റസൂലുല്ലാഹി (സ) യുടെ ഓരോ ചര്യയും വളരെ അപൂർവ്വമായിരുന്നു.' അവർ പറയുന്നു: ഒരിക്കൽ രാത്രിയിൽ തിരുനബി (സ) എന്റെ അടുക്കൽ വരികയും എന്റെ കൂടെ കിടക്കയിൽ കിടക്കുകയും ചെയ്തു. അവിടുന്ന് പറഞ്ഞു: ആയിശാ, ഇന്നത്തെ രാത്രി എന്റെ റബ്ബിനെ ആരാധിക്കാൻ നീ എനിക്ക് അനുവാദം തരുമോ?' ഞാൻ പറഞ്ഞു: 'അല്ലാഹുവാണ് സത്യം, അങ്ങയുടെ ആഗ്രഹം നിറവേറ്റുന്നതും അങ്ങയുടെ സാമീപ്യം ലഭിക്കുന്നതുമാണ് എനിക്ക് ഏറ്റവും പ്രിയപ്പെട്ടത്. എന്റെ ഭാഗത്തുനിന്ന് അങ്ങേക്ക് അ

**• ഹദീഥുന്നബ്വി ﷺ •**

**അൽഅഅ്മാലു ബിൽ ഖവാതീമി**

**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

നുവാദമുണ്ട്.'

അപ്പോൾ അവിടുന്ന് എഴുന്നേറ്റ് തോൽപാത്രത്തിൽ നിന്ന് വുളൂഅ് ചെയ്യുകയും നമസ്കാരത്തിനായി നിൽക്കുകയും ചെയ്തു. നമസ്കാരത്തിൽ അവിടുന്ന് എത്രയധികം കരഞ്ഞു എന്ന് വെച്ചാൽ, അവിടുത്തെ കണ്ണുനീർ അവിടുത്തെ നെഞ്ചിലേക്ക് ഒഴുകിയിറങ്ങാൻ തുടങ്ങി. നമസ്കാരത്തിന് ശേഷം അവിടുന്ന് വലതുവശത്തേക്ക് ചാരിയിരുന്നു; അവിടുത്തെ വലതു കൈ അവിടുത്തെ വലതു കവിളിന് താഴെ വെച്ചുകൊണ്ട് അവിടുന്ന് വീണ്ടും കരയാൻ തുടങ്ങി. ഒടുവിൽ ഫജ്ർ ബാങ്ക് കൊടുത്തതിനു ശേഷം ബിലാൽ (റ) വന്നു. അവിടുന്ന് അത്തരത്തിൽ കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കുന്നത് കണ്ടപ്പോൾ അദ്ദേഹം ചോദിച്ചു: 'യാ റസൂലല്ലാഹ്! അങ്ങയുടെ മുൻപുള്ളതും പിൻപുള്ളതുമായ എല്ലാ പാപങ്ങളും അല്ലാഹു പൊറുത്തുതന്നിരിക്കെ അങ്ങ് എന്തിനാണ് ഇത്രയധികം കരയുന്നത്?'

അപ്പോൾ റസൂലുല്ലാഹ് (സ) പറഞ്ഞു: 'ഞാൻ അല്ലാഹുവിന്റെ നന്ദിയുള്ള ഒരു ദാസനാകേണ്ടതല്ലേ? ഞാൻ എങ്ങനെ കരയാതിരിക്കും, ഇന്നത്തെ രാത്രി എന്റെ റബ്ബ് ഈ ആയത്തുകൾ ഇറക്കി. അത് സൂറത്തു ആലു ഇംറാനിലെ ഈ ആയത്തുകളാണ്:

اِنَّ فِيْ خَلْقِ السَّمٰوٰتِ وَالْاَرْضِ وَاخْتِلَافِ الَّيْلِ وَالنَّهَارِ لَاٰيٰتٍ لِّاُولِي الْاَلْبَابِ○ الَّذِيْنَ يَذْكُرُوْنَ اللّٰهَ قِيٰمًا وَّقُعُوْدًا وَّعَلٰى جُنُوْبِهِمْ وَيَتَفَكَّرُوْنَ فِيْ خَلْقِ السَّمٰوٰتِ وَالْاَرْضِ ۚ رَبَّنَا مَا خَلَقْتَ هٰذَا بَاطِلًا ۚ سُبْحٰنَكَ فَقِنَا عَذَابَ النَّارِ○

(തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാപ്പകലുകൾ മാറിമാറി വരുന്നതിലും ബുദ്ധിമാന്മാർക്ക് ദൃഷ്ടാന്തങ്ങളുണ്ട്. അതായത്, നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നുകൊണ്ടും അല്ലാഹുവിനെ സ്മരിക്കുകയും ആകാശഭൂമികളുടെ സൃഷ്ടിപ്പിനെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നവർ. 'ഞങ്ങളുടെ നാഥാ, നീ ഇതൊന്നും വെറുതെ സൃഷ്ടിച്ചതല്ല, നീ പരിശുദ്ധനാണ്, അതിനാൽ ഞങ്ങളെ നരകശിക്ഷയിൽ നിന്ന് കാത്തുരക്ഷിക്കേണമേ' എന്ന് അവർ പ്രാർത്ഥിക്കുകയും ചെയ്യും.) (3: 191,192)

തുടർന്ന് തിരുനബി (സ) ഈ ആയത്തുകൾ ഓതിയതിനു ശേഷം പറഞ്ഞു: 'ഈ ആയത്തുകൾ ഓതുകയും എന്നാൽ അവയെക്കുറിച്ച് ചിന്തിക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തിക്ക് നാശമാണ്.'

*(തഫ്സീർ റൂഹുൽ ബയാൻ, വാല്യം 2, പേജ് 150, ദാറുൽ കുതുബുൽ ഇൽമിയ്യ, 2003; അഖ്‌ലാഖുന്നബിയ്യ് വ ആദാബുഹു, ഹദീസ് 553, പേജ് 408,409, ദാറു ലുഅ്‌ലുഅ, കെയ്റോ, 2016)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഈ ഹദീസ് വിശദീകരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു: 'അറബി പദങ്ങൾ ഇപ്രകാരമാണ്:

لَا اَكُوْنُ عَبْدًا شَكُوْرًا

(ഞാൻ നന്ദിയുള്ള ഒരു ദാസനാകേണ്ടതില്ലേ?).

തിരുനബി (സ) യുടെ കൃതജ്ഞതയെക്കുറിച്ചുള്ള ആ ഹദീസിനെക്കുറിച്ച് പറയുന്നു: 'ആയിശാ! അല്ലാഹു മാത്രമാണോ ഉപകാരം ചെയ്യുന്നവൻ (മുഹ്സിൻ)? തന്റെ ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടത് ഒരു ദാസന്റെ ചുമതലയല്ലേ?' തിരുനബി (സ) യെപ്പോലെയുള്ള ഒരു മഹാനായ മനുഷ്യൻ, താൻ അനുഭവിച്ച ആ യാതനകളും നടത്തിയ വലിയ ത്യാഗങ്ങളും ഉണ്ടായിരുന്നിട്ടും, അല്ലാഹുവിനോട് തന്റെ മനസ്സിലുണ്ടായിരുന്ന സ്നേഹവായ്പ്പുകൾ ഉണ്ടായിരുന്നിട്ടും, രാത്രികളിൽ എഴുന്നേറ്റുനിന്ന് കാലുകൾ നീര് വെക്കുന്നതുവരെ അല്ലാഹുവിന്റെ സന്നിധാനത്തിൽ ദീർഘനേരം നിൽക്കാനും പകലുകളിൽ ആരാധനകൾ അനുഷ്ഠിക്കാനും തന്റെ ജീവിതത്തെ അല്ലാഹുവിന്റെ സാമീപ്യത്തിന് അർഹമായ വിധത്തിൽ മാറ്റിയെടുക്കാനും ശ്രമിച്ചിട്ടുണ്ടെങ്കിൽ, മറ്റേത് മനുഷ്യനാണ് താൻ ഈ ചുമതലകളിൽ നിന്ന് മുക്തനാണെന്ന് സ്വയം പ്രഖ്യാപിക്കാൻ കഴിയുക?'

*(ഖിയാമു പാകിസ്ഥാൻ ഔർ ഹമാരി ദിമ്മദാരിയാൻ, അൻവാറുൽ ഉലൂം, വാല്യം 19, പേജ് 439,440)*

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ വിഷയത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു:

'തിരുനബി (സ) നമസ്കാരങ്ങളിൽ അതിയായി കരയുകയും ദീർഘനേരം നിൽക്കുകയും ചെയ്യുമായിരുന്നു; അങ്ങനെ നബി(സ)ന്റെ കാലുകൾക്ക് നീര് വെക്കുമായിരുന്നു. അല്ലാഹു നബി(സ)ന്റെ സകല പാപങ്ങളും പൊറുത്തു കൊടുത്തിരിക്കെ, എന്തിനാണ് ഇത്രയധികം പ്രയാസപ്പെടുകയും കരയുകയും ചെയ്യുന്നത് എന്ന് സ്വഹാബികൾ ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: 'ഞാൻ അല്ലാഹുവിന്റെ നന്ദിയുള്ള ഒരു ദാസനാകേണ്ടതല്ലേ?'

*(മൽഫൂദാത്ത്, വാല്യം 6, പേജ് 231)*

തിരുനബി (സ) യുടെ ഈ അവസ്ഥ നമ്മളിൽ ഓരോരുത്തരോടും ആവശ്യപ്പെടുന്നത്, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിച്ചുകൊണ്ട് നമ്മുടെ നന്ദിപ്രകടനത്തെ പരമാവധി ഉന്നതിയിൽ എത്തിക്കണമെന്നാണ്. കൃതജ്ഞത എന്നത് ഒരിടത്ത് അടങ്ങിയിരിക്കുന്നതിന്റെ പേരല്ല; മറിച്ച് കൃതജ്ഞത എന്നത് പ്രവർത്തനങ്ങളിൽ കൂടുതൽ പുരോഗതി ആഗ്രഹിക്കുന്ന ഒന്നാണ്. തിരുനബി (സ) തഖ്‌വയുടെ (സൂക്ഷ്മതയുടെ) ഏറ്റവും ഉയർന്ന നിലവാരത്തിലായിരുന്നു, അതുകൊണ്ടാണ് അവിടുന്ന് 'അബ്ദെശുക്കൂർ' (നന്ദിയുള്ള ദാസൻ) എന്ന ഏറ്റവും ഉയർന്ന പദവി കരസ്ഥമാക്കിയത്. കൂടാതെ നിങ്ങളും 'അബ്ദെശുക്കൂർ ആകണമെന്ന് അവിടുന്ന് നമ്മെ പഠിപ്പിക്കുകയും ചെയ്തു. അല്ലാഹുവിന്റെ യഥാർത്ഥ ദാസൻ എന്ന പദവി അവകാശപ്പെടുകയാണെങ്കിൽ, അല്ലാഹു നിങ്ങൾക്ക് മേൽ അനുഗ്രഹങ്ങൾ വർഷിക്കുന്തോറും നിങ്ങളുടെ ആരാധനകളുടെ നിലവാരം ഉയർത്തുകയും നന്ദി പ്രകടിപ്പിക്കുകയും ചെയ്യുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ ഫലമായി അലസത ഉണ്ടാകരുത്; മറിച്ച് ആരാധനയിലും കൃതജ്ഞതയിലും ഒന്നിനു പിറകെ ഒന്നായി മുന്നേറിക്കൊണ്ടിരിക്കണം. ചുരുക്കത്തിൽ നമ്മൾ ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്ന കാലത്തോളം വ്യക്തിപരമായും സാമൂഹികപരമായും പുരോഗതിയുടെ പടവുകൾ താണ്ടിക്കൊണ്ടേയിരിക്കും; ഇൻശാ അല്ലാഹ്.

ഇതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഒരിടത്ത് പറയുന്നു: 'കറംഹായെ തൂ മാറാ കർദ് ഗുസ്താഖ്' (നിന്റെ ഔദാര്യങ്ങളാണ് എന്നെ ധിക്കാരം കാണിക്കാൻ പ്രേരിപ്പിച്ചത്) എന്ന് പറഞ്ഞവൻ വിഡ്ഢിയാണ്. അല്ലാഹുവിന്റെ ഔദാര്യം തന്നെ ധിക്കാരനാക്കി എന്ന് ഒരു കവി അല്ലാഹുവിനെക്കുറിച്ച് പറയുന്നു. നന്ദിയുള്ളവനാകുന്നതിന് പകരം അവൻ ധിക്കാരിയായി മാറി. കാരണം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ മനുഷ്യധിക്കാരികളാക്കാറില്ല; ഈ വാദം തെറ്റാണ്. അതുപോലെ അവരെ അനുസരണം കെട്ടവരും ആക്കാറില്ല; മറിച്ച് അവരെ കൂടുതൽ നന്ദിയുള്ളവരും അനുസരണയുള്ളവരുമാക്കി മാറ്റുകയാണ് ചെയ്യുന്നത്.

അതിനാൽ, നിങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ നന്ദിയുള്ളവരായിത്തീരുക. കാരണം അല്ലാഹു പറയുന്നു:

لَئِنْ شَكَرْتُمْ لَاَزِيْدَنَّكُمْ

(നിങ്ങൾ നന്ദി കാണിക്കുകയാണെങ്കിൽ ഞാൻ നിങ്ങൾക്ക് തീർച്ചയായും (അനുഗ്രഹങ്ങൾ) വർദ്ധിപ്പിച്ചുതരും)

*(ഇബ്രാഹിം: 8).*

അല്ലാഹു നമ്മെ യഥാർത്ഥ നന്ദിയുള്ളവരും യഥാർത്ഥ ആബിദുകളുമാക്കട്ടെ. നിരന്തരം അവന്റെ അനുഗ്രഹങ്ങൾ പ്രാപിക്കുന്നവരായി നമ്മെ അവൻ മാറ്റുമാറാകട്ടെ. (വിവ: എസ്.കെ)

• ഹദീഥുന്നബ്വി ﷺ •
ബജ്ജിലുൽ മശാഇഖ.
പ്രായമുള്ളവരെ ബഹുമാനിക്കുക.

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

• ഹദീഥുന്നബ്വി ﷺ •
അദ്ദുആഉ ഹുവൽ ഇബാദത്തു.
ദുആ തന്നെയാണ് യഥാർഥ ആരാധന
ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA ATH KARULAI, MALAPPURAM,KERALA.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ)

## സീറത്തുൽ മഹ്ദി(അ)

വിവ: എ.നാസിർ

### ദാനധർമങ്ങൾ

ഹദ്റത്ത് അമ്മാജാൻ എന്നോട് വിവരിച്ചു: ഹദ്റത്ത് മസീഹ് മൗഊദ് (അ) ധാരാളം സ്വദഖ (ദാനം) നൽകാറുണ്ടായിരുന്നു. പലപ്പോഴും അത് എത്രത്തോളം രഹസ്യമായാണ് നൽകിയിരുന്നത് എന്ന് വെച്ചാൽ, ഞങ്ങൾക്കുപോലും അത് അറിയാൻ കഴിയുമായിരുന്നില്ല. ഞാൻ ചോദിച്ചു: എത്രത്തോളം സ്വദഖ നൽകാറുണ്ടായിരുന്നു? ഹദ്റത്ത് അമ്മാജാൻ പറഞ്ഞു: വളരെ അധികം നൽകാറുണ്ടായിരുന്നു. അവസാന കാലഘട്ടങ്ങളിൽ എത്തുന്ന പണത്തിന്റെ പത്തിലൊന്ന് ഭാഗം ദാനധർമ്മങ്ങൾക്കായി മാറ്റിവെക്കുകയും അതിൽ നിന്നുകൊടുക്കുകയും ചെയ്യുമായിരുന്നു.

ഹദ്റത്ത് അമ്മാജാൻ വിവരിച്ചു: അതിൽ കൂടുതൽ നൽകാറില്ലെന്നല്ല ഇതിനർത്ഥം, മറിച്ച് ചിലപ്പോൾ ചെലവുകൾ അധികരിക്കുമ്പോൾ മനുഷ്യൻ സ്വദഖ നൽകുന്നതിൽ വീഴ്ച വരുത്തിയേക്കാം, എന്നാൽ സ്വദഖയുടെ പണം നേരത്തെ തന്നെ മാറ്റിവെച്ചാൽ പിന്നെ ആ വീഴ്ച ഉണ്ടാകില്ല, കാരണം ആ പണം പിന്നീട് മറ്റൊരു ആവശ്യത്തിനും ഉപയോഗിക്കാൻ കഴിയില്ല.

ഹദ്റത്ത് അമ്മാജാൻ പറഞ്ഞു: ഈ ഉദ്ദേശ്യത്തോടെയാണ് എല്ലാ വരുമാനത്തിന്റെയും പത്തിലൊന്ന് ഭാഗം അവിടുന്ന് മാറ്റിവെച്ചിരുന്നത്, അല്ലാത്തപക്ഷം സാധാരണ നൽകുന്നതാണെങ്കിൽ ഇതിലും കൂടുതലും നൽകാറുണ്ടായിരുന്നു. ഞാൻ ചോദിച്ചു: സ്വദഖ നൽകുമ്പോൾ അഹ്മദിയോ അഹ്മദിയല്ലാത്തവരോ എന്ന് അവിടുന്ന് നോക്കാറുണ്ടായിരുന്നോ? ഹദ്റത്ത് മാതാവ് പറഞ്ഞു: ഇല്ല, മറിച്ച് എല്ലാ ആവശ്യക്കാർക്കും നൽകാറുണ്ടായിരുന്നു. ലേഖകൻ (ഖാക്സാർ) പറയുന്നു: ആ കാലഘട്ടത്തിൽ ഖാദിയാനിൽ അത്തരത്തിലുള്ള അഹ്മദിയായ ആവശ്യക്കാരും വളരെ കുറവായിരുന്നു.

### കടം വീട്ടുന്ന രീതി

ഹദ്റത്ത് അമ്മാജാൻ എന്നോട് വിവരിച്ചു: ഹദ്റത്ത് മസീഹ് മൗഊദ് (അ) ആരുടെയെങ്കിലും പക്കൽ നിന്ന് കടം വാങ്ങിയാൽ, അത് തിരികെ നൽകുന്ന വേളയിൽ കുറച്ചുകൂടി അധികമായി നൽകി മടക്കാറുണ്ടായിരുന്നു. ഞാൻ ചോദിച്ചു: അതിന് എന്തെങ്കിലും ഉദാഹരണം ഓർമ്മയുണ്ടോ? ഹദ്റത്ത് അമ്മാജാൻ പറഞ്ഞു: ഇപ്പോൾ ഉദാഹരണം ഓർമ്മയില്ല, എങ്കിലും തിരുനബി (സ) അങ്ങനെ ചെയ്യാറുണ്ടായിരുന്നു എന്ന് അവിടുന്ന് പറയാറുണ്ടായിരുന്നു. ഹദ്റത്ത് അമ്മാജാൻ വിവരിക്കുന്നു: ഹദ്റത്ത് സാഹിബ് താൻ സ്വയം ചെയ്യാത്ത ഒരു നന്മയുടെ കാര്യവും മറ്റുള്ളവരോട് വിവരിക്കുമായിരുന്നില്ല. ഞാൻ ചോദിച്ചു: ഹദ്റത്ത് മസീഹ് മൗഊദ് (അ) വല്ലവർക്കും കടം നൽകിയിട്ടുണ്ടോ? ഹദ്റത്ത് മാതാവ് പറഞ്ഞു: അതെ, പലതവണ നൽകിയിട്ടുണ്ട്. ഒരിക്കൽ മൗലവി സാഹിബ് (ഖലീഫത്തുൽ മസീഹ് അവ്വൽ) അതുപോലെ ഭൈരവി നിവാസിയായ ഹകീം ഫദ്‌ലുദ്ദീൻ സാഹിബ് എന്നിവർ അദ്ദേഹത്തിൽ നിന്ന് കടം വാങ്ങിയിരുന്നു. മൗലവി സാഹിബ് കടത്തിന്റെ പണം തിരികെ അയച്ചപ്പോൾ അവിടുന്ന് അത് സ്വീകരിക്കാൻ വിസമ്മതിക്കുകയും, 'ഞങ്ങളുടെ പണത്തെ നിങ്ങൾ നിങ്ങളുടെ പണത്തിൽ നിന്ന് വേറിട്ടതാണെന്ന് കരുതുന്നുവോ?' എന്ന് ആളയച്ച് ചോദിക്കുകയും ചെയ്തു. മൗലവി സാഹിബ് ഉടൻതന്നെ ഹകീം ഫദ്‌ലുദ്ദീൻ സാഹിബിന് ആളയച്ചു: 'ഞാൻ ഈ അബദ്ധം കാണിച്ച് ശകാരം വാങ്ങിയിട്ടുണ്ട്, നോക്കിക്കോളൂ, നിങ്ങളും പണം തിരികെ അയക്കരുത്.'

ലേഖകൻ (ഹ.മിർസാ ബശീർ അഹ്മദ്(റ)) പറയുന്നു: മൗലവി സാഹിബ് ഹകീം സാഹിബിനോട്, നിർബന്ധമായും പണം തിരികെ നൽകേണ്ടതാണെങ്കിൽ മറ്റൊരു വഴിയിലൂടെ നൽകിക്കോളൂ എന്ന് പറഞ്ഞിരുന്നതായി ഞാൻ ആരോ പറഞ്ഞതായി കേട്ടിട്ടുണ്ട്.

### ഹജ്ജ്ബദൽ

ഹദ്റത്ത് അമ്മാജാൻ എന്നോട് വിവരിച്ചു: അവസാന കാലഘട്ടത്തിൽ ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്റെ മുന്നിൽ ഹജ്ജ് നിർവഹിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ വഫാതിനു ശേഷം അദ്ദേഹത്തിന്റെ പേരിൽ ഞാൻ ഹജ്ജ് ചെയ്യിച്ചു. (ഹദ്റത്ത് അമ്മാജാൻ, മർഹൂം ഹാഫിസ് അഹ്മദ് ഉല്ലാഹ് സാഹിബിനെ അയച്ചാണ് ഹദ്റത്ത് സാഹിബിന്റെ പേരിൽ ഹജ്ജ്ബദൽ നിർവഹിച്ചത്). ഹാഫിസ് സാഹിബിന്റെ എല്ലാ ചെലവുകളും ഹദ്റത്ത് അമ്മാജാൻ തന്നെയാണ് വഹിച്ചത്. ഹാഫിസ് സാഹിബ് ആദ്യകാല സ്വഹാബിയായിരുന്നു, ഇപ്പോൾ അദ്ദേഹം വഫാതായിട്ട് കാലമേറെയായി.

### ഭക്ഷണ രീതി

ഹദ്റത്ത് അമ്മാജാൻ എന്നോട് വിവരിച്ചു: ഹദ്റത്ത് മസീഹ് മൗഊദ് (അ) ഭക്ഷണങ്ങളിൽ പക്ഷിയുടെ ഇറച്ചി കൂടുതൽ ഇഷ്ടപ്പെട്ടിരുന്നു. തുടക്കത്തിൽ കാട പക്ഷിയെയും കഴിക്കാറുണ്ടായിരുന്നു, എന്നാൽ പ്ലേഗ് ബാധയുടെ പരമ്പര ആരംഭിച്ചപ്പോൾ അവിടുന്ന് അതിന്റെ മാംസം കഴിക്കുന്നത് ഒഴിവാക്കി; അതിൽ പ്ലേഗിന്റെ വിഷാംശം അടങ്ങിയിട്ടുണ്ടെന്ന് അവിടുന്ന് പറയുമായിരുന്നു. മത്സ്യവും ഹദ്റത്ത് സാഹിബിന് ഇഷ്ടമായിരുന്നു.

പ്രാതൽ കൃത്യമായി കഴിക്കാറില്ലായിരുന്നു. എങ്കിലും സാധാരണയായി രാവിലെ പാൽ കുടിക്കാറുണ്ടായിരുന്നു. ഞാൻ ചോദിച്ചു: അദ്ദേഹത്തിന് പാൽ ദഹിക്കാറുണ്ടായിരുന്നോ? ഹദ്റത്ത് അമ്മജാൻ പറഞ്ഞു: ദഹിക്കുകയൊന്നുമില്ലായിരുന്നു, എങ്കിലും കുടിക്കാറുണ്ടായിരുന്നു. ഹദ്റത്ത് അമ്മാജാൻ പറഞ്ഞു: പക്കവടയും ഹദ്റത്ത് സാഹിബിന് ഇഷ്ടമായിരുന്നു. ഒരു കാലഘട്ടത്തിൽ ശികിഞ്ചി (നാരങ്ങ സർബത്ത്) വളരെധികം ഉപയോഗിച്ചിരുന്നുവെങ്കിലും പിന്നീട് അത് ഒഴിവാക്കി. ഒരിക്കൽ അവിടുന്ന് ദീർഘകാലത്തേക്ക് വേവിച്ച യാതൊരു ഭക്ഷണവും കഴിച്ചിരുന്നില്ല; അല്പം തൈര് ചേർത്ത് റൊട്ടി മാത്രം കഴിക്കാറുണ്ടായിരുന്നു. ചിലപ്പോഴൊക്കെ ചോളപ്പൊടിയുടെ റൊട്ടിയും ഇഷ്ടപ്പെട്ടിരുന്നു.

ഭക്ഷണം കഴിക്കുമ്പോൾ റൊട്ടി ചെറിയ കഷണങ്ങളായി മുറിച്ചുകൊണ്ടിരിക്കും, അതിൽ കുറെ കഴിക്കുകയും കുറെ ബാക്കി വെക്കുകയും ചെയ്യും. ഭക്ഷണത്തിനു ശേഷം അവിടുത്തെ മുന്നിൽ നിന്ന് ധാരാളം ചെറിയ കഷണങ്ങൾ എടുത്തു മാറ്റേണ്ടി വരുമായിരുന്നു. ഒരു കാലഘട്ടത്തിൽ അവിടുന്ന് ചായ വളരെധികം ഉപയോഗിച്ചിരുന്നുവെങ്കിലും പിന്നീട് അതും ഉപേക്ഷിച്ചു. ഹദ്റത്ത് അമ്മാജാൻ പറഞ്ഞു: ഹദ്റത്ത് സാഹിബ് വളരെ കുറച്ചേ ഭക്ഷണം കഴിച്ചിരുന്നുള്ളൂ, ഭക്ഷണത്തിന് പ്രത്യേക സമയമൊന്നും നിശ്ചയിച്ചിരുന്നില്ല കൂടിയുമല്ല.

രാവിലെ ഭക്ഷണം ചിലപ്പോൾ പന്ത്രണ്ട് മണിക്കും ഒരു മണിക്കും ഒക്കെയാണ് കഴിച്ചിരുന്നത്. വൈകുന്നേരത്തെ ഭക്ഷണം സാധാരണയായി മഗ്‌രിബിന് ശേഷമാണ്, എങ്കിലും ചിലപ്പോൾ അതിനുമുമ്പും കഴിക്കാറുണ്ടായിരുന്നു. ചുരുക്കത്തിൽ, കൃത്യമായ സമയമൊന്നുമില്ലായിരുന്നു. ചിലപ്പോൾ 'ഭക്ഷണം തയ്യാറാണെങ്കിൽ കൊണ്ടുവരൂ, എനിക്ക് ജോലി തുടങ്ങണം' എന്ന് പറഞ്ഞ് അവിടുന്ന് സ്വയം ഭക്ഷണം ആവശ്യപ്പെടും. ഞാൻ ചോദിച്ചു: ഏത് സമയത്താണ് അവിടുന്ന് ജോലി ചെയ്തിരുന്നത്? ഹദ്റത്ത് മാതാവ് പറഞ്ഞു: ദിവസം മുഴുവൻ ജോലിയിൽ തന്നെയാണ് കഴിഞ്ഞുകൂടിയിരുന്നത്. പത്ത മണിക്ക് തപാൽ വരുമ്പോൾ തപാൽ പരിശോധിക്കും, തപാൽ കാരണം ഇടയ്ക്ക് ജോലികൾ മുറിഞ്ഞുപോകാതിരിക്കാൻ അതിനുമുമ്പ് ചിലപ്പോൾ എഴുത്തുജോലികൾ ആരംഭിക്കുകയുമില്ലായിരുന്നു. എങ്കിലും ചിലപ്പോൾ അതിനുമുമ്പും തുടങ്ങാറുണ്ട്.

ലേഖകൻ (ഖാക്സാർ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ് (അ) ദിവസേന ലാഹോറിലെ 'അഖ്ബാറെ ആം' പത്രം വരുത്തുകയും കൃത്യമായി വായിക്കുകയും ചെയ്തിരുന്നു. ഇതുകൂടാതെ അവസാന കാലഘട്ടങ്ങളിൽ വേറെ യാതൊരു പത്രവും അവിടുന്ന് സ്വന്തമായി വരുത്തിയിരുന്നില്ല. എങ്കിലും ആരെങ്കിലും വല്ലതും അയച്ചുകൊടുത്താൽ അതും വായിക്കാറുണ്ടായിരുന്നു.

### ലങ്കർ ഖാന (അതിഥിമന്ദിരം)

ഹദ്റത്ത് അമ്മാജാൻ എന്നോട് വിവരിച്ചു: മുമ്പ് ലങ്കർ ഖാനയുടെ ക്രമീകരണങ്ങൾ ഞങ്ങളുടെ വീട്ടിലാണ് നടന്നിരുന്നത്, വീട്ടിൽ നിന്നാണ് എല്ലാ ഭക്ഷണവും പാകം ചെയ്ത് അയച്ചിരുന്നത്. എന്നാൽ അവസാന വർഷങ്ങളിൽ ജോലികൾ വർദ്ധിച്ചപ്പോൾ ഞാൻ ആവശ്യപ്രകാരം പുറത്ത് ക്രമീകരണം ചെയ്യിച്ചു.

ലേഖകൻ, ഹദ്റത്ത അമ്മാജാൻ (റ)നോട് ചോദിച്ചു: ഏതെങ്കിലും അതിഥികൾക്കായി പ്രത്യേക ഭക്ഷണം പാകം ചെയ്യാൻ ഹദ്റത്ത് സാഹിബ് ആവശ്യപ്പെടാറുണ്ടായിരുന്നോ? ഹദ്റത്ത് അമ്മാജാൻ പറഞ്ഞു: അതെ, ഇന്ന അതിഥികൾ വന്നിട്ടുണ്ട്, അവർക്കായി ഇന്ന ഭക്ഷണം

തയ്യാറാക്കൂ എന്ന് ചിലപ്പോൾ അവിടുന്ന് നിർദ്ദേശിക്കാറുണ്ടായിരുന്നു.

ഹദ്റത്ത് അമ്മാജാൻ പറയുന്നു: തുടക്കത്തിൽ എല്ലാവരും ലങ്കർ ഖാനയിൽ നിന്ന് തന്നെയാണ് ഭക്ഷണം കഴിച്ചിരുന്നത്; അതിഥികളായാലും അവിടെ താമസമാക്കിയവരായാലും ശരി. താമസമാക്കിയ ആളുകൾ ചിലപ്പോൾ തങ്ങൾക്ക് ഇഷ്ടപ്പെട്ട പ്രത്യേക സാധനങ്ങൾ സ്വന്തം വീടുകളിലും പാകം ചെയ്യാറുണ്ടായിരുന്നു. എങ്കിലും സാധിക്കുമെങ്കിൽ അത്തരം സാധനങ്ങളും തന്റെ വകയായി തന്നെ തയ്യാറാക്കപ്പെടണം എന്നായിരുന്നു ഹദ്റത്ത് സാഹിബിന്റെ ആഗ്രഹം. ഏത് വ്യക്തി ഏത് തരത്തിലുള്ള ഭക്ഷണമാണോ ശീലിച്ചത് അയാൾക്ക് അതേ തരത്തിലുള്ള ഭക്ഷണം നൽകാൻ സാധിക്കണമെന്ന ആഗ്രഹവും അവിടുത്തേക്ക് ഉണ്ടായിരുന്നു.

ലേഖകൻ പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജീവിതകാലത്ത് ലങ്കർ ഖാനയുടെ നടത്തിപ്പ് സ്വന്തം കൈകളിൽ തന്നെയായിരുന്നു. എന്നാൽ അദ്ദേഹം വഫാത്തായതിനു ശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ആ ചുമതല സദ്ർ അഞ്ചുമൻ അഹ്മദിയ ഖാദിയാനെ ഏൽപ്പിച്ചു. ഹദ്റത്ത് അമ്മാജാൻ പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്ത് ചില ആളുകൾ അദ്ദേഹത്തെ സമീപിച്ച്, ലങ്കർഖാന നടത്തിപ്പിന്റെ ഭാരം കാരണം ഹുസൂറിന് വലിയ ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെന്നും സമയനഷ്ടം സംഭവിക്കുന്നുണ്ടെന്നും പറഞ്ഞ് ആ ചുമതല സേവകരെ ഏൽപ്പിക്കാൻ ആവശ്യപ്പെടാറുണ്ടായിരുന്നു. എന്നാൽ അവിടുന്ന് അത് അംഗീകരിച്ചില്ല; കാരണം, ആ ചുമതല മറ്റുള്ളവരുടെ കയ്യിലായാൽ ഏതെങ്കിലും അതിഥിക്ക് വല്ല ബുദ്ധിമുട്ടും നേരിട്ടാലോ എന്ന ആശങ്ക അദ്ദേഹത്തിന് എപ്പോഴും ഉണ്ടായിരുന്നു.

പേജ് 1ൽ നിന്ന്

**തഫ്സീർ:** ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)

ഒരു ദൃഷ്ടാന്തമാണ്. അതുപോലെ, വിവരമില്ലാത്തവരായി കണക്കാക്കപ്പെട്ടിരുന്ന ആളുകൾ ഈ അരുവിയിൽ നിന്ന് ആവേശത്തോടെ പാനം ചെയ്യുന്നതും ഒരു ദൃഷ്ടാന്തമാണ്; മറ്റു സമുദായങ്ങളിലെ ദാഹാർത്തർക്ക് പോലും ആ രീതിയിൽ പാനം ചെയ്യാൻ കഴിയില്ല.

ഖാദിയാനിൽ താമസിക്കുന്നവരെയാണ് അല്ലാഹു ഈ മന്ദിരത്തിന്റെ സംരക്ഷണ മാർഗ്ഗമാക്കിയിരിക്കുന്നത്; അവരുടെ ബറകത്തിന് വേണ്ടിയാണ് അവൻ ആളുകളെ ഒരുമിപ്പിച്ചു ഇവിടെ കൊണ്ടുവരുന്നത്. അതിനാൽ, ഇവിടെയുള്ള ജമാഅത്തിലെ സുഹൃത്തുക്കളോട് ഞാൻ ഉപദേശിക്കുന്നു: വരാനിരിക്കുന്ന ആ ദിവസത്തിനായി നിങ്ങൾ തയ്യാറെടുക്കുക. വീടുകളുള്ളവർ അതിഥികൾക്കായി തങ്ങളുടെ വീടുകൾ വിട്ടുകൊടുക്കുക, അതോടൊപ്പം തങ്ങളുടെ മനസ്സും സമയങ്ങളും സേവനത്തിനായി സമർപ്പിക്കുക. ജൽസ സംഘാടകരായ ആളുകളോട് ഞാൻ ഉപദേശിക്കുന്നത്, ഞാൻ തുടർച്ചയായി പറഞ്ഞിട്ടുള്ളതുപോലെ, പ്രവർത്തകർക്ക് ജോലികൾക്ക് മുമ്പ് അതിനുള്ള പരിശീലനം നൽകുകയും ചെയ്യുക.' (ഖുത്ബാത്തെ മഹമൂദ്, വാള്യം 12, പേജ് 509513)

പേജ് 12 ൽ നിന്ന്

പ്രവർത്തിച്ചിട്ടുള്ളതെങ്കിലും, ഈ വിഭാഗം വിശുദ്ധ ഖുർആൻ പോലെ തീർച്ചയായും അന്യൂനമായി കണക്കാക്കാൻ കഴിയില്ല, കാരണം ഇതിൽ ചില ദുർബലമായ നിവേദനങ്ങളും കടന്നു കൂടിയിട്ടുണ്ട്.

മൂന്നാമത്തെ വിഭാഗം വിശുദ്ധ ഖുർആന്റെ വ്യാഖ്യാനവുമായി ബന്ധപ്പെട്ട് കൈമാറിവന്ന തഫ്സീർ നിവേദനങ്ങളാണ്, എങ്കിലും ഇതിലും കുറച്ച് ദുർബലമായ നിവേദനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

നാലാമത്തെ വിഭാഗം സീറത്തിന്റെയും ആദ്യകാല ചരിത്രത്തിന്റെയും ഗ്രന്ഥങ്ങളാണ്. ഇവയാണ് ചരിത്രപരമായി തിരുനബി (സ) യുടെ ജീവിതത്തിന്റെ യഥാർത്ഥ അടിത്തറ. എന്നാൽ ദൗർഭാഗ്യവശാൽ, ഈ ശേഖരത്തിലാണ് ദുർബലവും ബലഹീനവുമായ നിവേദനങ്ങൾ കൂടുതലുള്ളത്. ഇക്കാരണത്താൽത്തന്നെ, സീറത്തിന്റെയും ചരിത്രത്തിന്റെയും നിവേദനങ്ങൾ പരിശോധിക്കുമ്പോഴും ഒത്തുനോക്കുമ്പോഴും, തിരുനബി (സ)യുടെ ജീവചരിത്ര രചയിതാക്കളായ ഓരോരുത്തരും വിശുദ്ധ ഖുർആന്റെയും ഹദീസിന്റെയും പ്രകാശപൂരിതമായ വിളക്കിനെ മുറുകെപ്പിടിക്കേണ്ടത് അനിവാര്യമാണ്. അല്ലാത്തപക്ഷം, തിരുനബി (സ)യുടെ സീറത്തിന്റെയും ജീവചരിത്രത്തിന്റെയും ആധികാരികമായ ഒരു ചിത്രം ഒരിക്കലും തയ്യാറാക്കാൻ സാധിക്കില്ല. ഈ അടിസ്ഥാന തത്വം സ്ഥാപിച്ചതിനു ശേഷം, ഇനി ഞാൻ എന്റെ യഥാർത്ഥ വിഷയത്തിലേക്ക് കടക്കുന്നു.

وَمَا تَوْفِيقُنَا إِلَّا بِاللّٰهِ وَنَرْجُو مِنْهُ خَيْرًا

(ഞങ്ങൾക്ക് അല്ലാഹുവിന്റെ സഹായത്താൽ അല്ലാതെ മറ്റൊരു ശക്തിയുമില്ല, ഞങ്ങൾ എല്ലാ നന്മകളും അവനിൽ നിന്ന് മാത്രമാണ് ആഗ്രഹിക്കുന്നത്.)

പേജ് 2 ൽ നിന്ന്

അതിന്റെ അവസാന കാലത്ത്, 1964 ഡിസംബറിൽ റബ്വയിൽ വെച്ച് നടന്ന അവസാന ജൽസയുടെ ഹാജർ ഒരു ലക്ഷത്തിലധികമായിരുന്നു (അൽഫള്ൽ, 24 ഡിസംബർ 1965). ഈ കാലത്ത് ജൽസകളിൽ അഹ്മദിയ്യത്തിന്റെ പതാക (ലിവായെ അഹ്മദിയ്യത്ത്) ഉയർത്താൻ തുടങ്ങി. ഇന്ന് ഖാദിയാനിൽ നിന്നും ഇന്ത്യയിൽ നിന്നും പുറത്തുകടന്ന് ഈ ജൽസ ലോകരാജ്യങ്ങളിലേക്ക് വ്യാപിക്കുകയും ലോകത്തെ വിവിധ രാജ്യങ്ങളുടെ പ്രതിനിധികൾ ഈ ജൽസകളിൽ പങ്കെടുക്കുകയും ചെയ്യുന്നു.

മൂന്നാം ഖിലാഫത്തിന്റെ അവസാന ജൽസ 1981 ഡിസംബറിൽ റബ്വയിൽ വെച്ച് നടന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിന്റെ ഹാജർ രണ്ടു ലക്ഷമായിരുന്നു. ജൽസയിലെ അതിഥികൾക്കായി ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ തുടങ്ങി. അഹ്മദിയ്യാ എൻജിനീയർമാർ തന്നെ സ്വന്തമായി തയ്യാറാക്കിയ റൊട്ടി നിർമ്മാണ യന്ത്രങ്ങൾ സ്ഥാപിക്കപ്പെട്ടു.

നാലാം ഖിലാഫത്ത് കാലത്ത്, ഒരുവശത്ത് യുകെയിൽ കേന്ദ്ര ജൽസ സലാന നടന്നുവന്നപ്പോൾ, മറുവശത്ത് ലോകത്തിന്റെ പല രാജ്യങ്ങളിലും ഈ ജൽസയുടെ ശാഖകൾ പടർന്നുപന്തലിച്ചു. അവിടെ വിശാലമായ ഭൂമികൾ വാങ്ങി ജൽസ ഗാഹുകൾ നിർമ്മിക്കപ്പെട്ടു. അങ്ങനെ ഇന്ന് ഖാദിയാൻ, റബ്വ എന്നിവയ്ക്ക് പുറമെ യുകെ, അമേരിക്ക, കാനഡ, ആഫ്രിക്ക, വിവിധ ദ്വീപുകൾ തുടങ്ങി പല രാജ്യങ്ങളിലും എല്ലാവിധ സൗകര്യങ്ങളോടും കൂടിയ വലിയ സെന്ററുകൾ സ്ഥാപിതമായിട്ടുണ്ട്. അവിടെ ആയിരക്കണക്കിന് അതിഥികളുമായി ജൽസ സലാനകൾ വളരെ ഭംഗിയായി നടന്നുവരുന്നു.

തീർച്ചയായും ജൽസ സലാന എന്നത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സത്യസാക്ഷ്യത്തിന്റെ വളരെ വലിയ ഒരു ദൃഷ്ടാന്തമാണ്. ഇന്ത്യയിലെ അഹ്മദികളായ നമ്മൾ വളരെ ഭാഗ്യവാന്മാരാണ്. കാരണം, ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം സ്വഹാബികളും പങ്കെടുത്തതും, വിശുദ്ധ ഖിലാഫത്ത് അഹ്മദിയായുടെ ഖലീഫമാർ ജൽസ സലാനകളിൽ പങ്കെടുത്തിട്ടുള്ളതും, അല്ലാഹുവിന്റെ മസീഹ് രാപ്പകലുകൾ പ്രാർത്ഥിച്ചതുമായ ആ വിശുദ്ധ ദാറുൽ അമാനിലെ ജൽസയിൽ എല്ലാ വർഷവും പങ്കെടുക്കാനുള്ള തൗഫീഖ് നമുക്ക് ലഭിക്കുന്നു. അതിനാൽ ഈ ഭാഗ്യത്തിൽ അഭിമാനിക്കുന്നതോടൊപ്പം നമ്മുടെ ഉത്തരവാദിത്തങ്ങൾ നാം മനസ്സിലാക്കുകയും, ഇപ്പോൾ മുതൽ നമ്മളും നമ്മുടെ കീഴിലുള്ളവരും 2026ലെ ജൽസ സലാനയിൽ പങ്കെടുക്കുന്നതിനായി ഇപ്പോൾ തന്നെ ഒരുങ്ങുകയും വേണ്ടതാണ്.

ഖാദിയാനിൽ ഈ ദിവസങ്ങളിൽ കഠിനമായ ശൈത്യകാലമായിരിക്കും എന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതിനാൽ അതിനനുസരിച്ചുള്ള ഉചിതമായ തയ്യാറെടുപ്പുകളോടെ വരണം. ഈ ആവശ്യത്തിനായി ചെറിയ തുകകൾ മാറ്റിവെക്കുകയാണെങ്കിൽ യാത്രാച്ചെലവും യാത്രാസാമഗ്രികളും എളുപ്പത്തിൽ ലഭ്യമാകുമെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) ഓർമപ്പെടുത്തിയിട്ടുണ്ട്.

ചുരുക്കത്തിൽ ദൈവിക കാര്യങ്ങൾ കേൾക്കാനും പ്രാർത്ഥനകളിൽ പങ്കുചേരാനും, വിശിഷ്യ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ തിരുമനസ്സ് നടത്തുന്ന പ്രഭാഷണത്തിലും പ്രാർത്ഥനയിലും പങ്കെടുക്കാനും ഇതൊരു വിലമതിക്കാനാവാത്ത നിധിയായിക്കണ്ട് ഇപ്പോൾ തന്നെ അതിനായുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കേണ്ടതാണ്. വബില്ലാഹി തൗഫീഖ്.

നോട്ട് : ശാസ്ത്രകലകളുടെ വിവിധ ശാഖകളിൽ, വിവിധ രേഖാമുലമുള്ള കൃതികളുടെ വിശദാംശങ്ങളും ഇസ്‌ലാമിക എഴുത്തുകാരുടെ കാര്യങ്ങളും മനസ്സിലാക്കാൻ വളരെ പ്രയോജനപ്രദവും വിലപ്പെട്ടതുമായ രണ്ട് പുസ്തകങ്ങളുണ്ട്: ഒന്ന് : ഇബ്നു മുഹൈം രചിച്ച 'കിതാബുൽ ഫെഹരിസ്ത്'; രണ്ട്: അല്ലാമ മുല്ല കാതിബ് ചലബി രചിച്ച 'കശ്ഫുള് ഥുനൂൻ അൻ അസാമിൽ കുതുബ് വൽ ഫുനൂൻ'. ഏതെങ്കിലും പ്രത്യേക വിഷയത്തിലാണോ അതോ അവ സംരക്ഷിക്കപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്നതു പോലെയുള്ള കാര്യങ്ങൾ നോക്കാതെ, നിരവധി ഇസ്‌ലാമിക രചനകളുടെയും അവയുടെ രചയിതാക്കളുടെയും വിവരങ്ങൾ ഈ പുസ്തകങ്ങൾ നൽകുന്നു. കാലക്രമമനുസരിച്ച് ഇസ്‌ലാമിലെ പ്രശസ്തരായ എല്ലാ പണ്ഡിതന്മാരുടെയും സംക്ഷിപ്ത വിവരങ്ങൾ അടങ്ങിയ മറ്റൊരു ആധികാരിക പുസ്തകമാണ് ഖാദി അഹ്മദ് ബിൻ മുഹമ്മദ് ബിൻ ഇബ്രാഹിം ഇബ്നു ഖല്ലിക്കാൻ രചിച്ച 'വഫയാത്തുൽ അഅ്‌യാൻ'

EDITOR
H.SHAMSUDDIN
Mobile : +91 99460 21252
e-mail : akhbaarbadarmalayalamqdn@gmail.com
badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian Vol-11 Issue:39

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2026-28 **Thursday 17 September 2026**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ

**സീറത്തുന്നബി(സ)**

വിവ: അബൂ സബാഹ്

## സമകാലിക ഗ്രന്ഥങ്ങൾ

മുമ്പ് പരാമർശിച്ചവ ഒഴികെയുള്ള സീറത്തിന്റെയും ഇസ്‌ലാമിക ചരിത്രത്തിന്റെയും മറ്റ് ഗ്രന്ഥങ്ങൾ എത്രത്തോളം പ്രയോജനപ്രദവും സമഗ്രവുമാണെങ്കിലും, അവയെ സീറത്തിന്റെ രംഗത്ത് ഒരു മൗലിക സ്രോതസ്സായി കണക്കാക്കാൻ കഴിയില്ല; കാരണം അവയുടെ ഉള്ളടക്കം മേൽപ്പറഞ്ഞ സ്രോതസ്സുകളിൽ നിന്ന് എടുത്തതാണ്. അതിനാൽ, ഇത്തരം കൃതികൾ ഒരു വ്യാഖ്യാനത്തിന്റെ പിന്തുണയ്ക്കോ അല്ലെങ്കിൽ കാര്യങ്ങൾ എളുപ്പമാക്കുന്നതിനോ വേണ്ടി ഉപയോഗിക്കാമെന്നല്ലാതെ യഥാർത്ഥ സ്രോതസ്സായി ഉപയോഗിക്കാൻ കഴിയില്ല. ഈ രചനയിലും, താരതമ്യേന പിൽക്കാല കാലഘട്ടത്തിലുള്ള ഗ്രന്ഥങ്ങളെ സംബന്ധിച്ച് എവിടെയെങ്കിലും പരാമർശം നടത്തിയിട്ടുണ്ടെങ്കിൽ, അത് പലവിധ പരാമർശങ്ങൾ നിരത്തുന്നതിന് പകരം ഒറ്റ പരാമർശത്തിൽ ഒതുക്കുക എന്ന എളുപ്പത്തിന് വേണ്ടി മാത്രമാണ്. എന്നിരുന്നാലും, അതിന്റെ യഥാർത്ഥ ഉറവിടം ആദ്യകാല കൈയെഴുത്തുപ്രതികളിൽ ഉണ്ടെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അത്തരം പരാമർശങ്ങൾ നൽകിയിട്ടുള്ളത്.

ഇതോടൊപ്പം, സമകാലികരുടെ ഗ്രന്ഥങ്ങളും വലിയ മേന്മയും വിലയുമുള്ളവയാണ്; കാരണം യഥാർത്ഥ ചരിത്രഗ്രന്ഥങ്ങളും ഹദീസുകളും സൂക്ഷ്മമായി പഠിച്ചതിനുശേഷം കടുത്ത പരിശ്രമത്തോടും ആവേശത്തോടും കൂടി വിലമതിക്കാനാവാത്ത ഒരു നിധിയാണ് അവയിൽ സമാഹരിക്കപ്പെട്ടിരിക്കുന്നത്. പല സന്ദർഭങ്ങളിലും, ഒരു മൗലിക ഗ്രന്ഥം നഷ്ടപ്പെട്ടുപോയേക്കാം, എന്നാൽ പിൽക്കാല ചരിത്രകാരന്മാർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ ആ വിവരണം ഉൾപ്പെടുത്തിയത് കാരണം ആ കൃതിയുടെ ആ പ്രത്യേക ഭാഗം സംരക്ഷിക്കപ്പെട്ടു. ഈ രീതിയിൽ, പിൽക്കാല ചരിത്രകാരന്മാർ എഴുതിയ ഗ്രന്ഥങ്ങൾ, പരിമിതമായ അളവിലാണെങ്കിലും, വിശ്വസനീയവും ആധികാരികവുമാണെങ്കിൽ ഒരു മൗലിക സ്രോതസ്സായി ഉപയോഗിക്കാൻ കഴിയും. ഏതുവിധേനയും, സീറത്തിന്റെയും ചരിത്രത്തിന്റെയും രംഗത്ത് സമകാലികരായ പണ്ഡിതന്മാർ രചിച്ച ഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണ്:

**1. അർറൗളുൽ അൻഫ് :** അബ്ദുർറഹ്മാൻ ബിൻ അബ്ദുല്ലാഹ് സുഹൈലി (ഹിജ്റ 508 581)

രണ്ട് വാല്യങ്ങളുള്ള ഈ ഗ്രന്ഥം, സീറത്ത് ഇബ്നു ഹിശാമിന്റെ വ്യാഖ്യാനമായാണ് ഇത് രചിക്കപ്പെട്ടിരിക്കുന്നത്. തികച്ചും വിശ്വസനീയവും ആധികാരികവുമായ ഒരു ഗ്രന്ഥമാണിത്.

**2. താരീഖുൽ കാമിൽ :** ഹാഫിള് ഇബ്നു അസീർ അൽജസ്‌രി (ഹിജ്റ 555 630)

പന്ത്രണ്ട് ബൃഹത്തായ വാല്യങ്ങളുള്ള ഈ കൃതി ഇതിലെ വിവരങ്ങൾ പ്രധാനമായും ത്വബരിയിൽ നിന്ന് എടുത്തതാണ്. വളരെ മികച്ച രീതിയിലാണ് ഇത് ക്രോഡീകരിച്ചിട്ടുള്ളത്. സീറത്തുമായി നേരിട്ട് ബന്ധപ്പെട്ട ഭാഗം രണ്ട് വാല്യങ്ങൾ മാത്രമുള്ളതാണ്.

**3. താരീഖുൽ ഖമീസ് ഫീ അഹ്വാലി അൻഫുസിൻ നഫീസ് :** ഹുസൈൻ ബിൻ മുഹമ്മദ് ബിൻ ഹസൻ ദയാർ ബക്‌രി (വഫാത്: ഹിജ്റ 966)

ഈ ഗ്രന്ഥത്തിൽ നിരവധി പുസ്തകങ്ങളിൽ നിന്നുള്ള വിവരങ്ങൾ ആകർഷകമായ രീതിയിൽ സമാഹരിച്ചുകൊണ്ടുള്ള ഒരു സംഗ്രഹമാണിത്. രണ്ട് വാല്യം.

**4. ശർഹു മവാഹിബിൽ ലദുന്നിയ്യ :** അല്ലാമ മുഹമ്മദ് ബിൻ അബ്ദുൽ ബാഖി ബിൻ യൂസഫ് അസ്സർഖാനി (വഫാത്: ഹിജ്റ 1122)

ഈ കൃതിക്ക് എട്ട് വാല്യങ്ങളുണ്ട്. ഇവയെല്ലാം തന്നെ തിരുനബി (സ)യുടെ സീറത്തുമായി നേരിട്ട് ബന്ധപ്പെട്ടവയാണ്. ആഴത്തിലുള്ള ഗവേഷണത്തിന് ശേഷം രചിക്കപ്പെട്ട, അങ്ങേയറ്റം സമഗ്രവും ആധികാരികവുമായ ഒരു ഗ്രന്ഥമാണിത്. സീറത്തുമായി ബന്ധപ്പെട്ട നിവേദനങ്ങൾക്ക് പുറമേ, ധാരാളം ഹദീസുകളും ഇതിൽ അവതരിപ്പിച്ചിട്ടുണ്ട്. ഈ എളിയവന്റെ അഭിപ്രായത്തിൽ, സീറത്ത് രംഗത്തെ സമഗ്രവും ഗവേഷണാത്മകവുമായ ഈ കൃതിയോട് കിടപിടിക്കുന്ന മറ്റൊരു കൃതിയില്ല.

**5. ഇൻസാനുൽ ഉയൂൻ ഫീ സീറത്തിൽ അമീനിൽ മഅ്മൂൻ :** അലി ബിൻ ബുർഹാനുദ്ദീൻ അൽഹലബി (ഹിജ്റ 975 1044)

മൂന്ന് വാല്യങ്ങൾ ഉള്ള ഈ ഗ്രന്ഥം സീറത്തുൽ ഹലബിയ്യ എന്ന പേരിലാണ് അറിയപ്പെടുന്നത്. വളരെ സമഗ്രമായ ഒരു പുസ്തകമാണിത്, എന്നാൽ നിർഭാഗ്യവശാൽ ഇതിലെ ഉള്ളടക്കം ക്രമീകരിച്ചിരിക്കുന്ന രീതി അത്ര ആകർഷകമല്ല.

**6. മുഅ്ജമുൽ ബുൽദാൻ :** അബൂ അബ്ദുല്ലാഹ് യാഖൂത് ബിൻ അബ്ദുല്ലാഹ് അൽഹമവി (വഫാത്: ഹിജ്റ 623)

പത്ത് വാല്യങ്ങളുള്ള ഈ പുസ്തകം ഭൂമിശാസ്ത്രപരമായ വിശദമായ വിവരങ്ങൾ അടങ്ങിയതുമാണ്.

മേൽപ്പറഞ്ഞവയ്ക്ക് പുറമേ, സീറത്തിലെ മറ്റ് ഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണ്:

സീറത്തു കാസ്റൂനി (ഹിജ്റ 694), സീറത്തു മുഗ്ലത്വാഇ (ഹിജ്റ 762), സീറത്തു ദിമ്യാത്വി (ഹിജ്റ 705), സീറത്തു ഖല്ലാത്വി (ഹിജ്റ 708), സീറത്തു ഇബ്നു അബീ ത്വയ്യി (ഹിജ്റ 630), ശറഫുൽ മുസ്തഫ നൈശാപൂരി (ഹിജ്റ 406), ഇക്തിഫാഅ് (ഹിജ്റ 634), ഉയൂനുൽ അഥർ ലിബ്നു സയ്യിദിന്നസ് (ഹിജ്റ 734), നൂറുന്നിബ്രാസ് ശർഹു ഉയൂനിൽ അഥർ (ഹിജ്റ 841), കശ്ഫുൽ ലിഥാം (ഹിജ്റ 855), മവാഹിബുൽ ലദുന്നിയ്യ (ഹിജ്റ 923), സീറത്തു ഇബ്നു അബ്ദിൽ ബർർ (ഹിജ്റ 463), ശറഫുൽ മുസ്തഫ ഇബ്നുൽ ജൗസി (ഹിജ്റ 597), താരീഖ് അബുൽ ഫിദാഅ് (ഹിജ്റ 732).

ഈ പുസ്തകങ്ങളിൽ പലതും നഷ്ടപ്പെട്ടുപോയിട്ടുണ്ട്; ഇന്നുവരെ നിലവിലുള്ളവയാകട്ടെ, മുൻപ് പരാമർശിച്ച പുസ്തകങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഒരു പ്രമാണമായോ വ്യാഖ്യാനമായോ അവതരിപ്പിക്കാൻ തക്ക ഉയർന്ന പദവിയുള്ളവ അല്ല.

### ചർച്ചകളുടെ സംഗ്രഹം

പുരുക്കത്തിൽ തിരുനബി (സ)യുടെ സീറത്തിന്റെയും ആദ്യകാല ഇസ്‌ലാമിക ചരിത്രത്തിന്റെയും അടിസ്ഥാന സ്രോതസ്സുകൾ താഴെ പറയുന്നവയാണ്:

1. വിശുദ്ധ ഖുർആൻ
2. ഉദ്ധരിക്കപ്പെട്ട തഫ്സീർ (വ്യാഖ്യാന) ഗ്രന്ഥങ്ങൾ
3. ഹദീസ് ഗ്രന്ഥങ്ങൾ
4. സീറത്ത്, പൊതു ചരിത്രം, മഗാസി അഥവാ യുദ്ധ വിവരണ ഗ്രന്ഥങ്ങൾ

മേൽ നൽകിയ ക്രമമനുസരിച്ചു തന്നെയാണ് ഈ ഇനങ്ങളുടെ സ്ഥാനം. അതായത്, യാതൊരുവിധ സംശയത്തിനും ഇടമില്ലാത്ത ഏറ്റവും ആധികാരികവും തർക്കമറ്റതുമായ സ്രോതസ്സ് വിശുദ്ധ ഖുർആനാണ്. തിരുനബി (സ)യുടെ 23 വർഷത്തെ പ്രവാചക ജീവിതകാലത്ത് ഘട്ടംഘട്ടമായി അവതരിക്കപ്പെടുകയും അതോടൊപ്പം എഴുതപ്പെടുകയും ചെയ്തതാണ് വിശുദ്ധ ഖുർആൻ. സീറത്തിലും ഇസ്‌ലാമിക ചരിത്രത്തിലുമുള്ള സങ്കീർണ്ണമായ ഏത് പ്രശ്നവും സംശയലേശേനെ അഴിച്ചെടുക്കാൻ കഴിയുന്ന ***മാസ്റ്റർ കീ*** (പ്രധാന താക്കോൽ) ഇതാണ്.

രണ്ടാമത്തെ വിഭാഗം ഹദീസുകളുടെതാണ്. മുഹദ്ദിസീങ്ങൾ വലിയ സൂക്ഷ്മതയോടും ജാഗ്രതയോടും കൂടിയാണ്

ശേഷം പേജ് 11 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin